കത്തിന്റെ പകർപ്പും, പ്രസ്തുത കത്തിനോടൊപ്പം അയച്ചിട്ടുണ്ടായിരുന്നു. ഈ കാര്യം പരിശോധിച്ച ചെയർ ശ്രീ. ബേബി ജോണിന്റെ കത്ത് 1986-ലെ The Members of the Kerala Legislative Assembly (Disqualification on Grounds of Defection) Rules -ലെ 3-ാം ചട്ടം (4)-ാം ഉപചട്ടം അനുസരിച്ചുള്ള വിശദീകരണമായി കണക്കാക്കി റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി (ബേബി ജോൺ) നിയമസഭാ കക്ഷിയെ ഇനിമേലിൽ റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി ഓഫ് കേരള (ബോൾഷെവിക്) നിയമസഭാ കക്ഷി എന്ന പേരിൽ അംഗീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് ഇന്നലെ അറിയിക്കാൻ നിശ്ചയിച്ചതാണ്. സാഹചര്യം പറ്റാത്തതുകൊണ്ടാണ് പറയാത്തത്. ...(ബഹളം)... കംപ്ലീറ്റായിട്ടില്ല. ചെയർ ഒരുകാര്യം, ഓർഡർ.. എന്നു പറഞ്ഞ് വായിക്കുമ്പോൾ അതിൽ ഇന്റർഫിയർ ചെയ്യാൻ പാടില്ല. അതൊക്കെ തെറ്റായ പ്രവണതയാണ്. ഭരണഘടനയുടെ 10-ാം പട്ടികയിൻകീഴിലുള്ള ചട്ടങ്ങളനുസരിച്ച് പാർട്ടി അംഗങ്ങളുടെ പേരു വിവരമടങ്ങിയ 1996 ഡിസംബർ 11-ാം തീയതിയിലെ 99-ാം നമ്പർ പാർട്ട്-II ബുള്ളറ്റിനിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച 2000 ഫെബ്രുവരി 10-ാം തീയതിയിലെ 516-ാം നമ്പർ പാർട്ട് -II ബുള്ളറ്റിനിൽ ഇതനുസരിച്ച് ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്.

III അടിയന്തിര പ്രമേയം

കാട്ടാക്കട ബോണക്കാട് മേഖലകളിൽ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന പട്ടിണിമരണം

മി. സ്പീക്കർ : തൊഴിലില്ലായ്മയും പട്ടിണി മരണവുംമൂലം കാട്ടാക്കട, ബോണക്കാട് എസ്റ്റേറ്റ് എന്നീ മേഖലകളിൽ നിലനിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ജി. കാർത്തികേയൻ, കെ. എം. മാണി, ചെർക്കളം അബ്ദുള്ള, പ്രൊഫ. എ. വി. താമരാക്ഷൻ, ശ്രീ. ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, ഇവിടെ അടിയന്തിര പ്രമേയത്തിന് നോട്ടീസ് തന്നതിൽ പറയുന്നത് വസന്തകുമാരി, ലാസർ തുടങ്ങിയവർ മരിക്കാനിടയായത് പട്ടിണി മരണംമൂലമാണെന്നാണ്. പട്ടിണിമൂലം അങ്ങനെ ഒരു മരണം കേരളത്തിൽ ഉണ്ടായിട്ടില്ല. .....(ബഹളം)..... ഞാൻ ബഹളത്തിനൊന്നുമില്ല. ബഹളം നിർത്തിയാലേ ഞാൻ പറയൂ. കേരളത്തിൽ ഒരിടത്തും പട്ടിണിയോ, പട്ടിണി മരണമോ നടന്നിട്ടില്ല. കേരളത്തിൽ ഒരിടത്തും പട്ടിണിമൂലം മരണമുണ്ടായിട്ടില്ല. ഞാൻ ആവർത്തിച്ച് പറയുകയാണ്. വസന്തകുമാരിയുടെയും ലാസറിന്റേയും മരണം പട്ടിണിമൂലമാണെന്ന് ചില പത്രങ്ങളിൽ പ്രസ്താവന കാണാനിടയായി. അതുസംബന്ധിച്ച് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷിച്ചു. ആ മരണങ്ങളൊക്കെ സാധാരണഗതിയിലുള്ള അസുഖം മൂലമാണെന്ന് രേഖകളുണ്ട്....(ബഹളം)... ഞാൻ പറഞ്ഞുകഴിഞ്ഞിട്ട് നിങ്ങൾക്ക് പറയാമല്ലോ. ശ്രീ. ജി. കാർത്തികേയനാണ് അവതരിപ്പിക്കുന്നത്. ഞാൻ പറഞ്ഞു കഴിഞ്ഞിട്ട് വേണമെങ്കിൽ ഇടപെടാമല്ലോ. ഞാൻ പറയുന്ന വിഷയങ്ങൾ കേൾക്കൂ. ഇത്ര ക്ഷമയില്ലാതാകുന്നതെന്ത്? ഇപ്പോൾ നടക്കുന്ന മരണങ്ങളൊക്കെ പട്ടിണിമൂലമാണെന്ന് വരുത്തിത്തീർക്കാനുള്ള വ്യഗ്രതയെന്ത്? എന്നാൽപ്പിന്നെ കേരളത്തിലെ മുഴുവൻ മരണവും പട്ടിണിമൂലമാണെന്ന് പറയൂ...(ബഹളം)...

മി. സ്പീക്കർ : ഇവിടെ ചട്ടപ്രകാരം ഉന്നയിക്കുന്നതാണ് അടിയന്തിര പ്രമേയം.

ചെയറിന് അടിയന്തിരപ്രമേയത്തിന് ഒരു നോട്ടീസ് കിട്ടി. അതിന്റെ പ്രാധാന്യം വച്ചുകൊണ്ട് മെൻഷൻ വേണമെന്ന് ചെയർ തീരുമാനിച്ചു. അതുകൊണ്ട് മന്ത്രിയോട് വിശദീകരണം ചോദിച്ചിരിക്കുകയാണ്. അദ്ദേഹം പറയുന്ന മറുപടി ഞാനും കേൾക്കേണ്ടതാണ്. നിങ്ങൾ മാത്രമല്ല കേൾക്കേണ്ടത്. അതുകൊണ്ട് അദ്ദേഹത്തെ മറുപടി പറയാൻ അനുവദിക്കുക, അതുകഴിഞ്ഞ് ഓരോരുത്തർക്കും സംസാരിക്കാം. നോട്ടീസനുസരിച്ച് എല്ലാം ചെയ്യാം. അദ്ദേഹം പറയുന്നത് കേൾക്കട്ടെ. അദ്ദേഹം പറയുന്നതിൽ എന്താണ് വസ്തുതയെന്ന് അറിയേണ്ടേ ? അദ്ദേഹത്തെ പറയാൻ അനുവദിക്കുക. ...(ബഹളം) ...

ശ്രീ. കെ. ഇ. ഇസ്മയിൽ : നെഞ്ചിൽ കൈവച്ച് പറയൂ. സത്യവിരുദ്ധമായി ഇവിടെ പറഞ്ഞിട്ട് എന്ത് പുണ്യമാണ് നിങ്ങൾക്ക് കിട്ടുന്നത്? നെഞ്ചിൽ കൈവച്ചു പറയൂ. ഇത് സത്യമാണോ നിങ്ങൾ പറയുന്നത്.... ഇയാൾക്കറിയില്ലല്ലോ. അറിയുന്നവരുണ്ടിവിടെ ; ശ്രീ. പാലോട് രവിയോട് ചോദിക്ക്. അദ്ദേഹത്തിനറിയാം. ...(ബഹളം)...

മി. സ്പീക്കർ : ഞാനൊരു കാര്യം പറയാം. ആ നിയോജകമണ്ഡലത്തിലെ സാമാജികൻ കൂടിയായ ജി. കാർത്തികേയനാണ് അടിയന്തിരപ്രമേയത്തിന് നോട്ടീസ് നൽകിയിരിക്കുന്നത്. അദ്ദേഹം പറയുമല്ലോ.

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, കേരളത്തിൽ ഇന്നുവരെ ഒരു പട്ടിണി മരണവും ഉണ്ടായിട്ടില്ല. പട്ടിണിമരണം ഉണ്ടാകാൻ സമ്മതിക്കുകയുമില്ല. പട്ടിണി മരണമുണ്ടാകാനുള്ള ഏത് സാഹചര്യവും നേരിടുന്നതിന് ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. യാതൊരു സംശയവും ആ കാര്യത്തിൽ വേണ്ട. ....(ബഹളം).. ഇവിടെ പ്രതിപക്ഷങ്ങൾ ഉന്നയിച്ച ചില മരണങ്ങളെ സംബന്ധിച്ച് വിശദമായ റിപ്പോർട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ഞാൻ പിന്നീട് പറയാം. ദീർഘകാലം രോഗം ബാധിച്ച് ആശുപത്രിയിൽ ചികിത്സയിലായിരുന്ന് മരിച്ചതാണ്. അത് പട്ടിണിമരണമാണെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുകയാണ്. കഴിഞ്ഞ 27-ാം തീയതിയാണ് ഒരാൾ മരിച്ചത്. മറ്റൊരാൾ മരിച്ചത് 15-ാം തീയതിയാണ്. നിയമസഭ കൂടുന്നതുവരെ കാത്തിരുന്ന് നിയമസഭയിൽ അത് പട്ടിണിമരണമാണെന്ന് പറയാൻ ശ്രമിക്കുന്നതിന്റെ ദുരുദ്ദേശം എന്താണെന്ന് ജനങ്ങൾക്ക് മനസ്സിലാകും. അതുകൊണ്ട് ....(ബഹളം)... ഈ നാട്ടിൽ കുറെ ജനങ്ങളുണ്ടല്ലോ ....(ബഹളം)... ഇത് പറയാൻ സമ്മതിക്കുകയില്ലായെന്നു പറഞ്ഞാൽ എന്തുചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : മന്ത്രി പറയുന്നത് കേൾക്ക്. രണ്ടുഭാഗവും കേൾക്കണ്ടെ. കേൾക്കണ്ടെങ്കിൽ പറയണ്ട എന്നുവയ്ക്കുക....(ബഹളം)...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങുപോയി അന്വേഷിക്കുമോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : ഞാൻ പോയി അന്വേഷിക്കാം. ബോണക്കാട്, പൊൻമുടി എസ്റ്റേറ്റ് മേഖലകളിൽ തൊഴിൽ സ്തംഭനമുണ്ട്. അവിടെ കുറച്ച് പ്രയാസങ്ങളുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം കാലാകാലങ്ങളിൽ അവരെ സഹായിക്കുന്നുണ്ട്. സൗജന്യ റേഷൻ കൊടുക്കുന്നുണ്ട്. എവിടെയെങ്കിലും ഇത്തരം പ്രശ്നങ്ങൾ ഉണ്ടെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ആ നിമിഷത്തിൽത്തന്നെ ഗവൺമെന്റ് ഇടപെടാറുണ്ട്. അവിടെയൊക്കെ സൗജന്യ റേഷൻ കൊടുക്കാറുണ്ട്. സാമ്പത്തിക സഹായം നൽകാറുണ്ട്. ഈ കഴിഞ്ഞ നാല് വർഷവും ഗവൺമെന്റ് അത് ചെയ്യുന്നുണ്ട്. ഇത്തരം ഒരു സംഭവം ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആരാണ് ശ്രമിച്ചത് ? ഒരാൾ പറയട്ടെ, ഇതറിഞ്ഞപ്പോൾ ഓടിയെത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളത് ഈ ഗവൺമെന്റാണ്. ഇപ്പോഴും സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. ഇത് പട്ടിണിമരണമാണെന്ന് വരുത്തിത്തീർക്കുവാനുള്ള ബോധപൂർവമായ ശ്രമമാണ്. പ്രയാസങ്ങൾ അനുഭവിക്കുന്ന ദുരിതം അനുഭവിക്കുന്ന ജനങ്ങൾ എവിടെയൊക്കെ ഉണ്ടെന്നുള്ള വിവരം ലഭ്യമായാൽ അവിടെയൊക്കെ ആവശ്യമായ നടപടികൾ ഈ ഗവൺമെന്റ് കൈക്കൊള്ളുന്നുണ്ട്. ജനങ്ങൾക്കൊന്നും ആ കാര്യത്തിൽ ആക്ഷേപമില്ല. സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു ഗൗരവവും ഈ പ്രശ്നത്തിൽ ഇല്ല എന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. ജി. കാർത്തികേയൻ : സർ, ...(ബഹളം)... എന്ത് കഷ്ടമാണ്. എന്താണ് സർ ഇത് ?...(ബഹളം).. ഞാൻ പോയിട്ടുണ്ട്. ....(ബഹളം).... ഇത് വൃത്തികേടല്ലേ പറയുന്നത് ? ...(ബഹളം)...

മി. സ്പീക്കർ : രണ്ട് ഭാഗത്തുള്ളവരും നിശബ്ദരായിരിക്കണം.

ശ്രീ. ജി. കാർത്തികേയൻ : ഈ നിയമസഭയുടെ പ്രൊട്ടക്ഷൻ ഉള്ളതു കൊണ്ട് മാത്രമാണ് ബഹുമാനപ്പെട്ട മന്ത്രിക്ക് ഇവിടെ ഇത് പറയുവാൻ കഴിഞ്ഞത്. ഈ സഭയ്ക്കകത്ത് ബോണക്കാട്ടുനിന്നും കാട്ടാക്കട നിന്നും ആരും വരാൻ ഇല്ലാത്തതുകൊണ്ടും അദ്ദേഹത്തിന്റെ പാർട്ടിയിലെ പാവപ്പെട്ടവർ ഉൾപ്പെടെയുള്ളവർ ഇത് കേൾക്കാൻ ഇല്ലാത്തതുകൊണ്ടുമാണ് ഈ സഭയുടെ കോട്ടകൊത്തളത്തിനുള്ളിൽ നിന്നുകൊണ്ട് മന്ത്രിക്ക് പറയുവാൻ കഴിഞ്ഞത്, ഞാൻ ഇവിടെ ഒരു വെല്ലുവിളിയും നടത്തുന്നില്ല. 1982-ലാണ് നിയമസഭയിലേക്ക് ആദ്യമായി ഞാൻ കടന്നുവരുന്നത്. എന്റെ നിയമസഭാ ജീവിതത്തിനിടയിൽ ഇത്രയധികം വേദനാജനകമായ ഒരു വിഷയം എനിക്ക് അവതരിപ്പിക്കേണ്ടി വന്നിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിലല്ല, കേരളത്തിലല്ല, ഇൻഡ്യയിലല്ല, ഭൂതലത്തിൽ എവിടെയും പട്ടിണിമരണം ഉണ്ടാകാൻ പാടില്ലെന്ന് ആഗ്രഹിക്കുന്ന ഒരു രാഷ്ട്രീയ പ്രവർത്തകനാണ് ഞാൻ ....(ബഹളം).... എന്നാൽ പിന്നെ അവർ പറയട്ടെ, ഞാൻ പറയുന്നത് കേൾക്കു. ....(ബഹളം)..... മന്ത്രി അസത്യം

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതുകൊണ്ടാണോ ; ...(ബഹളം).... കേരളം പട്ടിണിമരണംമൂലം അന്താ രാഷ്ട്ര ഭൂപടത്തിലേക്ക് പൊയ്ക്കൊണ്ടിരുന്ന സന്ദർഭത്തിൽ കേരളത്തിന്റെ മുഖ്യ മന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണിയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ശ്രീ. കെ. എം. മാണിയും, ശ്രീ. ടി. എം. ജേക്കബും ശ്രീ. എ. വി. താമരാക്ഷനും, ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും, ശ്രീ. ഉമ്മൻചാണ്ടിയും അവിടത്തെ എം.എൽ. എ. ആയ ഞാനും ശ്രീ. പാലോട് രവിയും അടങ്ങുന്ന കേരളത്തിലെ ബഹുജനങ്ങളുടെ പ്രധാനപ്പെട്ട നേതാക്കന്മാർ ഈ സംഭവ സ്ഥലത്തേക്ക് പോയപ്പോൾ ലോക്കൽ കമ്മിറ്റിയുടെ സെക്രട്ടറിയെപ്പോലും അയയ്ക്കാൻ കഴിയാത്ത ഭരണകക്ഷിയുടെ ഈ ഉത്ക്കണ്ഠ ഞങ്ങൾക്ക് മനസ്സിലാകും. മുൻപും ഞങ്ങൾ പോയി...(ബഹളം).. ഞാൻ അവിടെ ആയിരുന്നു. ഞാൻ ഇപ്പോൾ ഇന്നലത്തെ കാര്യമാണ് പറയുന്നത്. നിയമസഭാ നാഥനായ അങ്ങയോടും ഭരണ കക്ഷിയോടും മുഖ്യമന്ത്രിയോടും ഒരു അഭ്യർത്ഥനയുണ്ട്. കേരളത്തിൽ ധാരാളം മരണങ്ങൾ നടക്കാറുണ്ട്. സാധാരണ നടക്കുന്ന മരണത്തിന് റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ ആളുകൾ പോയി ആയിരം രൂപ കൊടുക്കാറുണ്ടോ ? ആ വീട്ടിലേക്ക് കളക്ടറെ അയയ്ക്കാറുണ്ടോ ; ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ഗവൺമെന്റിന്റെ നടപടി ഇതാണോ ; വൈകിയാണെങ്കിലും ജില്ലാ കളക്ടർ കാട്ടാക്കടയിൽ എന്തിന് പോയി ; തഹസിൽദാരെകൊണ്ട് ആയിരം രൂപ എന്തിന് കൊടുപ്പിച്ചു ; ഒരാഴ്ച കഴിഞ്ഞിട്ടാണെങ്കിലും ഞങ്ങൾ പോയതിനു ശേഷം കളക്ടർ ഇന്നലെ എന്തിന് ബോണക്കാട്ടുപോയി ; എന്തിന് ആയിരം രൂപ കൊടുത്തു ? തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഗംഗാധരൻ നാടാർ കാട്ടാക്കടയിലെ ചന്ദ്രമംഗലത്തെ വസന്തകുമാരി അമ്മയുടെ വീട്ടിൽ പോയി, അവർക്ക് വീട് വച്ചുകൊടുക്കാൻ ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക യോഗം ചേർന്ന് തീരുമാനം എടുത്ത് അവർക്ക് പേപ്പർ എന്തിന് കൊടുത്തു ? സാധാരണ മരണമാണെങ്കിൽ ബഹുമാനപ്പെട്ട റവന്യൂ മന്ത്രി, അങ്ങയുടെ ഗവൺമെന്റ് ഇങ്ങനെ ചെയ്യാറുണ്ടോ ? എങ്കിൽ സമസ്ത അപരാധങ്ങൾക്കും മാപ്പ് ചോദിച്ചുകൊണ്ട് ഞാൻ ഇരിക്കാം ...(ബഹളം)... ഈ സർക്കാർ നേരിട്ട് ആളുകളെ കൊന്നു എന്ന് ഞാൻ പറയുന്നില്ല. പത്രങ്ങൾക്കെതിരെ ആക്ഷേപമുണ്ട്. പത്രങ്ങളെ ഞാൻ ബഹുമാനിക്കുകയും അഭിനന്ദിക്കുകയും ചെയ്യുകയാണ്. ഈ വേദനാജനകമായ അവസ്ഥ മാധ്യമങ്ങളാണ് ജനമദ്ധ്യത്തി ലേക്ക് കൊണ്ട് വന്നത്. അവരെ ഞാൻ അഭിനന്ദിക്കുന്നു. ഇവിടെ ഏതോ പത്രങ്ങൾ എന്നുപറഞ്ഞു. ഏതോ പത്രങ്ങൾ ഒന്നുമല്ല. കേരളത്തിലെ ഗ്രാമീണ മേഖലകളിൽ തൊഴിൽ അവസരങ്ങളില്ല. കാർഷിക ഉൽപന്നങ്ങളുടെ വിലകുറവ്, റേഷൻ സാധനങ്ങളുടെ വിലവർദ്ധനവ്, കേരളത്തിലെ സാധാരണ കർഷകത്തൊഴിലാളികളുടെ വീടുകളിലുള്ള പ്രതിസന്ധി. അത് ഇവിടെ വലിയ ദുരന്തമാകുന്നു. അതിന്റെ പരിണിതഫലമാണിത്. കേരളത്തിൽ നിരവധിപേർ മരിച്ചാൽ മാത്രമേ വസന്തയുടെ മരണം പട്ടിണി മരണമാകുകയുള്ളോ ബഹുമാനപ്പെട്ട മന്ത്രി? അങ്ങയുടെ മനുഷ്യത്വം നശിച്ചുപോയോ ? കേരളത്തിലെ പ്രതിപക്ഷക്കാർക്ക് ഏതെങ്കിലും രണ്ട് മരണത്തെക്കുറിച്ച് ജനങ്ങൾക്കുമുമ്പിൽ എടുത്തുകാണിച്ചാൽ മാത്രമേ നിങ്ങൾക്ക് എതിരെ ഞങ്ങൾക്ക് സംസാരിക്കുവാൻ കഴിയൂ എന്ന് ഉദ്ദേശിക്കുന്നുണ്ടോ ? ആയിരം വിഷയങ്ങളുണ്ടല്ലോ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾക്കെതിരെ സംസാരിക്കുവാൻ. മരണത്തെ ഞങ്ങൾ പട്ടിണി മരണമാക്കുമോ ? അത് പട്ടിണി മരണം ആയതുകൊണ്ടാണ്. നിങ്ങൾക്ക് പരോക്ഷമായ ബന്ധം അതിലുണ്ട്. ദേശാഭിമാനപത്രം എടുത്ത് മാർക്സിസ്റ്റുകാരായ ആളുകൾക്ക് ഈ സ്ഥലത്തെ കാണിക്കാമോ ; നിങ്ങൾക്ക് പട്ടിണിമരണംമൂലം ഒരു കെട്ടുകഥ, സർക്കാർ ആശുപത്രിയിൽ പോയാൽ അപ്പോൾത്തന്നെ റിപ്പോർട്ട് ടൈപ്പ് ചെയ്തു കൊടുക്കുകയാണ്. ടൈപ്പ് ചെയ്ത് ഡോക്ടറുടെ ഡയഗ്നോസിസ് ഇതിലുണ്ട്. ഞാൻ അതിന്റെ ഉൾക്കഥയിലേയ്ക്ക് പോകുന്നില്ല. കേരളത്തിലെ ഏത് ആശുപത്രിയിലാണ് ഡോക്ടറുടെ പ്രിസ്ക്രിപ്ഷൻ ടൈപ്പ് ചെയ്യുന്നത് ? ഇതൊക്കെ കെട്ടിച്ചമച്ചതാണ്. അതുകൊണ്ടായില്ല. ഒന്നുമാത്രം, ദേശാഭിമാനി പത്രത്തിലെ റിപ്പോർട്ട് ഭരണകക്ഷിയിലെ....

ശ്രീ. എം. വി. ജയരാജൻ : ബഹുമാനപ്പെട്ട മെമ്പർ എന്തൊക്കെയാണ് പറയുന്നത് ?

ശ്രീ. ജി. കാർത്തികേയൻ : എന്താണ് ശ്രീ. എം. വി. ജയരാജൻ, ഇത് കണ്ണൂരല്ല. ഇരിക്ക് അവിടെ. പരോക്ഷമായി നിങ്ങൾക്ക് അവിടെ പോകുവാൻ കഴിയുമോ ? റബ്ബറിന്റെ കറവെട്ടി ജീവിക്കുന്ന കുടുംബത്തിലെ ഒരു സ്ത്രീ, ഭർത്താവ് 10 വർഷമായി അസുഖമായി കിടക്കുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : അങ്ങ് പോയിരുന്നോ ?

ശ്രീ. ജി. കാർത്തികേയൻ : ഞാൻ പോയിരുന്നു .....(ബഹളം)... പോകേണ്ട സമയത്ത് പോയി.....(ബഹളം)... അഭിമാനമുള്ള ഈ കുടുംബം അടുത്തുള്ള വരോടുപോലും ദാരിദ്ര്യം മറച്ചു വച്ചു....(ബഹളം)... നാല് ദിവസമായി ആ വീട്ടിൽ കഞ്ഞിവച്ചിട്ട്. അടുത്തുള്ള ആളുകൾ പറഞ്ഞു. മരിച്ച സ്ത്രീയുടെ മകൾ പറഞ്ഞു. അവരുടെ ഭർത്താവ് പറഞ്ഞു. മറ്റുള്ളവരോട് ഇതൊന്നും പറയാതെ വളരെയേറെ അഭിമാനം കാത്ത് സൂക്ഷിക്കുന്ന ഒരു കുടുംബമായിരുന്നു അത്. അതുകൊണ്ട് ആരും അറിഞ്ഞില്ല. അങ്ങനെ മരിക്കുന്നതാണ് പട്ടിണിമരണം. എന്നിട്ട് മരണം ഇവിടെ നടന്നിട്ടില്ല എന്നുപറഞ്ഞല്ലോ ; പിന്നെ വിതുര ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളികളുടെ കാര്യം. കേരളത്തിലെ മുഖ്യമന്ത്രിയോടും ലേബർ മന്ത്രിയോടും റവന്യൂ മന്ത്രിയോടും പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്. 11 മാസമായി വിതുര ബോണക്കാട്ടിലെ തേയിലത്തോട്ടത്തിലെ തൊഴിലാളികൾക്ക് ശമ്പളം കിട്ടിയിട്ട്. ആ കമ്പനിയുടെ രജിസ്റ്റേർഡ് ആഫീസ് കൊച്ചിയിലാണ്. 45 ദിവസം തൊഴിലാളികൾ അവിടെപ്പോയി സമരം ചെയ്തു. ശ്രീ. വി. പി. രാമകൃഷ്ണപിള്ള ഒരു മീറ്റിംഗ് വിളിച്ചില്ല. നിരന്തരമായി ഞങ്ങൾ ആവശ്യപ്പെട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കണ്ട് ആവശ്യപ്പെട്ടു. അവിടെ മുതലാളികൾ തൊഴിലാളികളെ കണ്ടിട്ടില്ല. മുതലാളിമാർ വരില്ല. 11 മാസം ശമ്പളം കിട്ടാതെ തൊഴിലാളികൾ അർദ്ധപട്ടിണിയിലും മുഴുപട്ടിണിയിലും, സ്കൂൾ തുറന്ന അവസരത്തിൽ കുട്ടികളെ സ്കൂളിൽവിടാനുള്ള അവസരം ഇല്ലാതാകുമ്പോൾ പ്ലാന്റേഷൻ ലേബർ ആക്ട് അനുസരിച്ച് ഇതിലെ മുതലാളിമാരെ വരുത്താൻ ഈ ഗവൺമെന്റിനു ചട്ടം ഇല്ലേ ? നിയമം ഇല്ലേ ? അധികാരം ഇല്ലേ ? നിങ്ങൾ അത് ചെയ്തോ ? എത്രപ്രാവശ്യം ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയെക്കണ്ട് ആവശ്യപ്പെട്ടു. അവിടത്തെ സമരത്തിൽ സി.ഐ.ടി.യു.ക്കാരും ഉണ്ടായിരുന്നു. ശ്രീ. കടകംപള്ളി സുരേന്ദ്രൻ അറിഞ്ഞില്ല. ഞാൻ ഇവിടത്തെ ട്രേഡ് യൂണിയിനുമായിട്ട് നിങ്ങളെ വന്നുകാണുമ്പോൾ സി.ഐ.ടി.യു. പ്രതിനിധികളും ഉണ്ടായിരുന്നു. ഇതൊന്നും ശ്രീ. കടകംപള്ളി സുരേന്ദ്രൻ അറിയുന്നില്ല. 11 മാസമായി അവർക്ക് ശമ്പളം കൊടുത്തിട്ട്. ഈ ഗവൺമെന്റിന്റെ മുമ്പിൽ ധാരാളം നടപടിക്രമങ്ങൾക്ക് സാധ്യതയുണ്ടായിരിന്നിട്ടും നിങ്ങൾ അത് ചെയ്തില്ല. ഞാൻ റവന്യൂവകുപ്പ് മന്ത്രിയോട് മറ്റൊരു കാര്യം ചോദിക്കുകയാണ്. രണ്ട് കോടിയോളം രൂപ വിവിധ ഇനത്തിൽ തൊഴിലാളികൾക്ക് മാനേജ്മെന്റ് കൊടുക്കാനുണ്ട്. ലക്ഷക്കണക്കിന് രൂപ റവന്യൂ ഡിപ്പാർട്ട്മെന്റിന് ഈ കമ്പനിയുടെ കുടിശ്ശിക വന്നപ്പോൾ നിങ്ങൾ തേയില കമ്പനിയെ അറ്റാച്ച് ചെയ്തു. ഞങ്ങൾ ഇടപെട്ടു. നിങ്ങളുമായി സംസാരിച്ചശേഷം മൂന്നര ലക്ഷം രൂപ ഉടൻ അടച്ചാൽ അത് വിട്ടുകൊടുക്കാമെന്നു പറഞ്ഞു. മാനേജ്മെന്റ് മൂന്നര ലക്ഷം രൂപ അടച്ചു. നിങ്ങൾ തേയില തോട്ടം കൊടുത്തു. ആ തേയില വിറ്റ പണം കൂടി തൊഴിലാളികൾക്ക് കൊടുത്തില്ല. അങ്ങനെ രണ്ടു കോടി രൂപ തൊഴിലാളികൾക്കു കൊടുക്കേണ്ടിയിരുന്ന ഒരു മാനേജ്മെന്റിൽ നിന്ന് നിങ്ങൾക്ക് കിട്ടേണ്ട രൂപ നിങ്ങൾ പിടിച്ചുവാങ്ങിയപ്പോൾ നിങ്ങൾ തൊഴിലാളികളെ മറന്നു. ഇത് അങ്ങേക്കറിയാവുന്ന കാര്യമാണ്. അവിടെയാണ് ലാസറും രാജപ്പനും മരിച്ചത്. അങ്ങ് മെഡിക്കൽ സയൻസ് പഠിച്ചിട്ടില്ല എന്ന് പറഞ്ഞു. ഞാനും പഠിച്ചിട്ടില്ല. ദീർഘകാലത്തെ അസുഖം കൊണ്ടാണ് മരിച്ചതെന്നു അങ്ങ് പറയുകയുണ്ടായി. ശരിയാണ്. പട്ടിണി കിടക്കുമ്പോൾ ശരീരത്തിന്റെ ഇമ്മ്യൂണിറ്റി കുറയും. രോഗപ്രതിരോധ ശക്തി കുറയും. രോഗപ്രതിരോധ ശക്തി കുറയുമ്പോൾ സ്വാഭാവികമായി നമ്മുടെ ശരീരത്തിലുള്ള അസുഖങ്ങൾക്ക് ശക്തി വർദ്ധിക്കും. മരിച്ച ലാസറിനും രാജപ്പനും വസന്തകുമാരി അമ്മയ്ക്കും ജീവിതത്തിലൊരിക്കലും അസുഖമുണ്ടായിരുന്നില്ല എന്ന് ഞാൻ പറയുന്നില്ല. പണ്ടെങ്ങോ ഉണ്ടായിരുന്ന അസുഖം, നിരന്തരമായ പട്ടിണികൊണ്ട് ആ അസുഖം വർദ്ധിച്ചു. അസുഖം വർദ്ധിച്ചതുകൊണ്ട് സ്വാഭാവികമായിട്ടും അവർ പട്ടിണി മരണംമൂലം മരിച്ചു. ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ നിയമസഭയിൽ എന്താണ് പറഞ്ഞത് ? സന്ദർഭത്തിനൊത്ത് ഉയരും. പട്ടിണിമരണം സംഭവിച്ച സ്ഥലങ്ങളിൽ ആവശ്യമായ നടപടികളെടുക്കുമെന്നു പറഞ്ഞ ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ചോദിക്കുന്നു. ഇത് പട്ടിണിമരണമല്ലെങ്കിൽ, സാധാരണ മരണമാണെങ്കിൽ നിങ്ങൾ എന്തിനാണ് ഇതൊക്കെ ചെയ്യുന്നത് ? ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് നടപടികളെടുത്തോ ? കാട്ടാക്കട ചന്ദ്രമംഗലത്ത് രണ്ട് ദിവസം മുമ്പ് കളക്ടർ പോയി. ബഹുമാനപ്പെട്ട റവന്യൂവകുപ്പ് മന്ത്രി ഇത് കേൾക്കണം. അങ്ങ് നിയമസഭയിൽ പറഞ്ഞിനു വിരുദ്ധമായി നടന്ന കാര്യങ്ങളാണ് ഞാൻ പറയുന്നത്. അങ്ങ് നടപടി എടുക്കുമെന്നു പറഞ്ഞു. പട്ടിണിമരണമല്ലെങ്കിൽ കേരളത്തിൽ എന്ത് സംഭവിച്ചാലും റീയാക്റ്റ് ചെയ്യുന്ന ഒരു ഗവൺമെന്റാണോ ഇത് ? എങ്കിൽ നല്ലത്. അങ്ങയുടെ കളക്ടർ കഴിഞ്ഞ രണ്ട് ദിവസത്തിന് മുമ്പ് കാട്ടാക്കടയിൽ പോയി, ആയിരം രൂപ കൊടുത്തു. ഇന്നലെ പറഞ്ഞതാണ്. വിതുരയിലെ ബോണക്കാട് എസ്റ്റേറ്റിൽ പട്ടിണിമരണവുമായി ബന്ധപ്പെട്ട സ്ഥലത്ത് ഗവൺമെന്റ് നടപടി

LIBRARY ARCHIVES Kerala Legislative Assembly

എടുക്കുമെന്ന് പറഞ്ഞു. എന്ത് നടപടികളെടുത്തു ? ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള കേരളത്തിലെ പ്രതിപക്ഷനേതാക്കൻമാർ മലമടക്കുകളും താഴ്വാരങ്ങളും ഇറങ്ങിക്കഴിഞ്ഞശേഷം ഇവിടത്തെ കളക്ടർ ഒരുങ്ങിക്കെട്ടി അവിടെ വന്നു. എന്തിന് ? നിങ്ങളുടെ ഉദ്യോഗസ്ഥന്മാർ എന്തിനാണ് ? റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ തഹസീൽദാരല്ലാതെ മറ്റ് ഉത്തരവാദപ്പെട്ട ഓഫീസർമാരാരെങ്കിലും ഇതുവരെ അവിടെ പോയോ ? മനുഷ്യത്വം നശിച്ച ശിലകളായി മാറിക്കൊണ്ടിരിക്കുകയാണ് കേരളത്തിലെ മന്ത്രിമാർ. നിങ്ങളുടെ രാഷ്ട്രീയ പാർട്ടികൾ സംഘട്ടനം നടത്തിയ സ്ഥലങ്ങൾ സന്ദർശിക്കാൻ മന്ത്രിസഭ കൂടി മന്ത്രിമാരെ നിയോഗിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിൽ നിന്ന് 25 മിനിട്ട് കൊണ്ട് യാത്ര ചെയ്തുപോകാൻ കഴിയുന്ന കാട്ടാക്കടയിലും രണ്ട് മണിക്കൂർ കൊണ്ട് എത്താവുന്ന ബോണക്കാട് തേയിലത്തോട്ടങ്ങളിലേക്കും മന്ത്രിസഭയുടെ പ്രതിനിധികൾ പോയോ ? ഭരിക്കുന്ന പാർട്ടിയുടെ പ്രതിനിധികൾ പോയോ ? സമരത്തിലൂടെ കേരളത്തിലെ ചില സ്ഥാപനങ്ങളുടെ നേരെ മാർക്സിസ്റ്റു പാർട്ടിയുടെ പ്രവർത്തകൻമാർ കല്ലേറു നടത്തിയപ്പോൾ ക്യാബിനറ്റ് കൂടി മന്ത്രിമാരുടെ സംഘത്തെ നിയോഗിച്ചിരുന്ന ഈ ഗവൺമെന്റിന്റെ മുമ്പിൽ, സർക്കാരിന്റെ മൂക്കിന് താഴെ മൂന്ന് പട്ടിണിമരണം നടന്നിട്ട് ചീറിപ്പാഞ്ഞ് ഓടിപ്പോകുന്ന കേരളത്തിലെ മന്ത്രിമാരിൽ ഒരാൾക്ക് അവിടെ പോകാൻ കഴിഞ്ഞോ ? നിങ്ങൾക്കെല്ലാം ഹാസ്യമാണ്. ഞാൻ പറയുമ്പോൾ നിങ്ങൾക്ക് ചിരിവരുന്നു. ശ്രീ. ഇ. കെ. നായനാർ മുതൽ ശ്രീ. ടി.കെ. രാമകൃഷ്ണൻ, ശ്രീ. പി. ജെ. ജോസഫ്, റവന്യൂ മന്ത്രി, ശ്രീ. സി.കെ.നാണു, ശ്രീ. വി. പി. രാമകൃഷ്ണപിള്ള, ശ്രീ. ടി. ശിവദാസമേനോൻ, ശ്രീ. കൃഷ്ണൻകണിയാംപറമ്പിൽ, ശ്രീ. രാധാകൃഷ്ണൻ, ശ്രീ. പാലൊളിമുഹമ്മദ്കുട്ടി തുടങ്ങി ഇവിടെയിരിക്കുന്ന ബഹുമാനപ്പെട്ട സഹോദരി സുശീലാഗോപാലനും ഇത് പറയുമ്പോൾ ഹാസ്യമാണ്. ആളുകളുടെ മരണത്തിന് മുകളിൽ നിന്ന് താണ്ഡവനൃത്തം നടത്തുന്ന നിങ്ങളുടെ കരിങ്കല്ലു പോലുള്ള ഹൃദയമുണ്ടല്ലോ... ഇവിടെ ആളുകൾ പട്ടിണികിടന്നു മരിക്കുമ്പോൾ നിങ്ങൾ അവിടെയൊന്ന് പോകാനുള്ള സാമാന്യ മര്യാദ, മനുഷ്യത്വം കാണിക്കാതിരുന്ന ഈ ഗവൺമെന്റ് ജനങ്ങളുടെ പ്രതിനിധികളല്ല. ഭരിക്കുന്ന ഒരുകൂട്ടം സംഘത്തിന്റെ വക്താക്കളായതുകൊണ്ടു മാത്രമാണ് അവിടെ പോകാൻ കഴിയാതിരുന്നത്. നിങ്ങൾ ഉത്തരവാദിത്വത്തിൽ നിന്ന് പുറകോട്ട് പോയി. സന്ദർഭത്തിനൊത്ത് ഉയരാൻ കഴിയാതെ പോയി. പട്ടിണിമരണം അന്വേഷിച്ചു പോകാൻ കഴിയാതിരുന്നതിന്റെ ഉളുപ്പിൽ അതിന്റെ ജാള്യതയിലാണ് നടന്ന മരണങ്ങൾ പട്ടിണിമരണമല്ല എന്ന് പറയുന്നത്. അതിനുള്ള ചങ്കൂറ്റവും ധീരതയും തൊലിക്കട്ടിയും നിങ്ങൾക്ക് മാത്രമേ കാണുകയുള്ളൂ. അതിന് എല്ലാവിധ ബഹുമാനങ്ങളും നിങ്ങൾക്ക് ഞങ്ങൾ കൽപിച്ചു തരുന്നു. ഇതൊരു ഗുരുതരമായ പ്രശ്നമാണ്. ഇതല്ലാതെ ഏത് വിഷയമാണ് ചർച്ച ചെയ്യേണ്ടത്. മാതൃഭൂമി പത്രത്തിലെ എഡിറ്റോറിയലിലെ ഒരു വാചകം ഞാൻ വായിക്കാം. ദേശാഭിമാനി പത്രത്തിൽ വന്നത് കെട്ടുകഥ ആണെങ്കിൽ മാതൃഭൂമി പത്രത്തിൽ വന്നത് പറയാം. 'നമ്മുടെ വികസനം ധാർമ്മികമോ സാർത്ഥകമോ ആകുന്നില്ല.' എന്നാണ് ഇതിന്റെ അർത്ഥം. 'കാട്ടാക്കടയിൽ പട്ടിണി കൊണ്ടു മരിച്ച

LIBRARY ARCHIVES Kerala Legislative Assembly

വസന്തകുമാരി അമ്മയുടെ പേര് കാട്ടാക്കട പഞ്ചായത്തിൽ ബിലോ പോവർട്ടി ലൈനിനു മുകളിലാണ്.' പട്ടിണി കിടന്നു മരിച്ച വസന്തകുമാരി അമ്മയുടെ കുടുംബം ബിലോ പോവർട്ടി ലൈനിനു മുകളിലാണ്. അവിടത്തെ വക്കീലൻമാരും കച്ചവടക്കാരും പഞ്ചായത്തിന്റെ ജനകീയാസൂത്രണ ലിസ്റ്റിൽ ബിലോ പോവർട്ടി ലൈനിൽ വരുമ്പോൾ വസന്തകുമാരി അമ്മയുടെ കുടുംബം ഇതിന് മുകളിലാണെന്ന് ബഹുമാനപ്പെട്ട പാലൊളി മുഹമ്മദ് കുട്ടി മനസ്സിലാക്കണമെന്നേ ഞാൻ പറയുന്നുള്ളൂ. പണ്ട് കവി പറഞ്ഞിട്ടുണ്ട്.

'മരിക്ക സാധാരണം

ഈ വിശപ്പിൽ ദഹിക്കലോ

നമ്മുടെ നാട്ടിൽ മാത്രം' എന്ന്. മരണം സ്വാഭാവികമാണ്. വിശപ്പിൽ ദഹിക്കുന്നത് ഈ നാട്ടിൽ മാത്രമാണെന്നുള്ളത് വർഷങ്ങൾ കഴിഞ്ഞിട്ടും അത് കേരളവുമായി ബന്ധപ്പെട്ട് കിടക്കുന്നതുകൊണ്ട് ഈ വിഷയത്തിന്റെ ഗൗരവ സ്വഭാവത്തെ പറയുകയാണ്. ചന്ദ്രമംഗലത്തിന് ചുറ്റുപാടും ഇതുപോലെ ദാരിദ്ര്യം അനുഭവിക്കുന്ന ഒരുപാട് കുടുംബങ്ങളുണ്ട്. ബോണക്കാട് തേയിലക്കാട്ടിൽ അറുന്നൂറോളം തൊഴിലാളികൾ ഇതേ സ്വഭാവത്തിൽ അവിടെ ജീവിക്കുന്നു. അവർക്ക് മരുന്നില്ല, വസ്ത്രമില്ല, കമ്പിളിവസ്ത്രങ്ങളില്ല, ആഹാരമില്ല, ശമ്പളമില്ല. ഒരു മണിക്കൂർ യാത്ര ചെയ്താൽ മാത്രം എത്താൻ കഴിയുന്ന ബോണക്കാട് തേയിലക്കാട്ടിൽ ഇപ്പോഴും നൂറ് കണക്കിന് തൊഴിലാളികൾ ഇതേ അവസ്ഥയിൽ പോകുന്നു. ഇത് പട്ടിണിമരണമല്ലെന്ന് നിങ്ങൾ പറയുമ്പോൾ നിങ്ങളുടെ കണക്ക് സ്വാഭാവികമാണെങ്കിൽപ്പോലും പട്ടിണിമരണങ്ങൾ വീണ്ടും ഈ പ്രദേശങ്ങളിലുണ്ടാകാനുള്ള സാധ്യതയുള്ളതുകൊണ്ട് സന്ദർഭത്തിനനുസരിച്ച് ഉയർന്ന് ഇവർക്കാവശ്യമായ എല്ലാ വിധ സംരക്ഷണങ്ങളും, സൗജന്യറേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ നൽകി. അതോടൊപ്പം ഏത് കൊലകൊമ്പനെയും കൊണ്ടുവരാൻ അധികാരമുള്ള ഈ സർക്കാർ ബോണക്കാട് തേയിലത്തോട്ടത്തിലെ രാജാക്കൻമാരായ മുതലാളിമാരെ വെളിയിൽ വരുത്താനുള്ള നടപടി എടുക്കണം. അതിനുവേണ്ടി ഇത് ചർച്ച ചെയ്യുന്നതിന് സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെടുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ കാർത്തികേയൻ അവതരിപ്പിച്ച പ്രശ്നം വളരെ സശ്രദ്ധം തന്നെ ഞങ്ങൾ കേട്ടു. അദ്ദേഹം പറഞ്ഞത് മുഴുവൻ കേട്ടു. ഇത് പട്ടിണിമരണമാണെന്ന് വരുത്താനും വ്യാപകമായ പട്ടിണിമരണങ്ങൾക്ക് സാധ്യതയുണ്ടെന്ന് ഉൽക്കണ്ഠയുണ്ടാക്കാനുമാണ് ശ്രമിക്കുന്നത്. അത്തരമൊരു സാഹചര്യം കേരളത്തിൽ നിലനിന്നിരുന്നു എന്ന് ഈ അടിയന്തിര പ്രമേയം അവതരിപ്പിക്കുന്നതു വരെ ഏതെങ്കിലുമൊരു മെമ്പർ, കേരളത്തിലെ പ്രതിപക്ഷ മെമ്പർമാർ, പ്രതിപക്ഷ നേതാക്കൾ ഉന്നയിച്ചതായിട്ട് അവർക്ക് ചൂണ്ടിക്കാണിക്കാനില്ല. സാധാരണ വെറുംവായിൽ ചവയ്ക്കുന്ന വല്യമ്മമാരുണ്ട്. അവർക്ക് ഒരുപിടി അവൽ കിട്ടിയാൽ എന്തായിരിക്കും സ്ഥിതി? വെറുംവായിൽ ചവയ്ക്കുന്ന വല്യമ്മമാർക്ക് ഒരുപിടി അവൽ കിട്ടിയാൽ അവർ വെറുതേയിരിക്കുമോ? പഴയതാണ് പറയുന്നത്. പഴയതിന് പുതിയ രൂപം

10 A.M.]

LIBRARY ARCHIVES Kerala Legislative Assembly

നൽകി പറയുകയാണ്. കേരളത്തിൽ അത്തരമൊരവസ്ഥ ഉണ്ടായിരുന്നുവെങ്കിൽ ഇതിന് മുമ്പ് എന്തെല്ലാം പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവരാൻ ശ്രമിക്കുന്ന നിങ്ങളുടെ മുമ്പിൽ ഇതൊരു പ്രശ്നമായില്ലല്ലോ ? ഇതൊരു വിഷയമാക്കിക്കൊണ്ടു വരാൻ ശ്രമിക്കുന്നു എന്നുള്ളത് നമുക്ക്, കേരളത്തിന് തന്നെ അപമാനമാണ്. അങ്ങനെ പറഞ്ഞുകൂടാ. വസ്തുതകളെ വസ്തുതകളല്ലാതെ അവതരിപ്പിക്കാൻ ശ്രമിക്കുന്നതിന് അർത്ഥമില്ല. രാജപ്പൻ എന്നു പറയുന്ന ആൾ മരിച്ചത് മേയ് മാസം 27-ാം തീയതിയാണ്. സ്ഥലം എം.എൽ.എ ആണല്ലോ ശ്രീ. ജി. കാർത്തികേയൻ ? മേയ് മാസം 27-ാം തീയതി രാജപ്പൻ മരിച്ചത് ഇങ്ങനെയൊരു പട്ടിണി മരണം മൂലമാണെന്നുള്ള വിവരം ശ്രീ. ജി. കാർത്തികേയൻ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയോ ? കളക്ടറോട് വിളിച്ചു പറഞ്ഞോ ? എന്നെ അറിയിക്കണമെന്നില്ല, മുഖ്യമന്ത്രിയെ അറിയിക്കണമെന്നില്ല, ബന്ധപ്പെട്ട അധികൃതരുടെ ആരുടെയെങ്കിലും ശ്രദ്ധയിൽപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ടോ ? മേയ് 27-ാം തീയതി കഴിഞ്ഞ് ഇന്ന് ജൂൺ 20 ആണ്. ഈ ദിവസത്തിനിടയിൽ ആരും രേഖാമൂലം എന്നെയോ ബന്ധപ്പെട്ടവരെയോ അറിയിച്ചിട്ടില്ല ...(ബഹളം).... ഈ നിയമസഭയിലാണ് ഞാൻ പറയുന്നത്, അങ്ങനെ യാതൊരു കത്തും എനിക്ക് തന്നിട്ടില്ല, എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമില്ല ....(ബഹളം).. ഇപ്പോൾ സഭയിൽ എന്തെങ്കിലും പറഞ്ഞിട്ട് അർത്ഥമില്ല. അങ്ങനെ ഒരു പരാതിയും എനിക്ക് കിട്ടിയിട്ടില്ല. അത്തരം പരാതികൾ കിട്ടിയെങ്കിൽ 24 മണിക്കൂറിനുള്ളിൽ നടപടിയെടുക്കും അത് തെളിയിച്ച ഒരു ഗവൺമെന്റാണിത്. ഏത് പ്രദേശങ്ങളിലായാലും ശരി, പ്രയാസങ്ങൾ അനുഭവിക്കുന്നത്, ദുരിതങ്ങൾ അനുഭവിക്കുന്നത് അതാത് അവസരങ്ങളിൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ആ സ്ഥലത്തുപോയി പരിശോധിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും സാമ്പത്തിക സഹായങ്ങൾ ചെയ്യുകയും ചെയ്യുന്ന കാര്യത്തിൽ ഇതുവരെ വീഴ്ച വരുത്തിയിട്ടില്ല. അതുകൊണ്ടാണ് ഞാൻ പറയുന്നത്. അതുപോലെതന്നെ ജൂൺ 12-നും ജൂൺ 15-നുമാണ് വസന്തകുമാരിയും ലാസറും മരിച്ചത്. ഇതൊക്കെ ഞാൻ വിശദമായിട്ട് പറയുന്നില്ല. ഇവർ വളരെക്കാലം ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ലാസർ ആറുമാസത്തിലധികമായി വൃക്ക സംബന്ധമായ രോഗത്തിന് ചികിത്സയിലായിരുന്നു. അതിന് ഡോക്ടറുടെ സർട്ടിഫിക്കറ്റുണ്ട്. പെട്ടെന്ന് ഒരു ദിവസം മരിച്ചപ്പോഴുണ്ടാക്കിയ സർട്ടിഫിക്കറ്റല്ലല്ലോ അത് ? അദ്ദേഹം വിവിധ ആശുപത്രികളിൽ തന്നെ വിവിധ ഘട്ടങ്ങളിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന ആളാണ്. രാജപ്പൻ എന്നുപറയുന്ന ആൾ അതുപോലെതന്നെ ആസ്മാ രോഗിയാണ്. അദ്ദേഹത്തിന് ഹാർട്ടിനും അസുഖമുണ്ട്. അദ്ദേഹം വിതുര ആശുപത്രിയിൽ രണ്ടര മാസം കിടന്നിട്ടുണ്ട്. ഇതിനൊക്കെ റിക്കാർഡുകൾ ഉള്ളതല്ലേ ? ഇതുമുഴുവൻ ഇപ്പോൾ ഒരു പട്ടിണി മരണമാണെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുന്നത് നമുക്കാർക്കാണ് ഗുണം ചെയ്യുക ? ഇതൊന്നുമില്ലാതെ ഒരു സാധാരണ പബ്ലിക് ഫംഗ്ഷനുപോയ സ്ഥലങ്ങളിലും ചികിത്സിക്കാൻ കാശില്ല, സാമ്പത്തിക സഹായം വേണമെന്നുപറഞ്ഞാലും ഞാൻ ആയിരം രൂപവരെ സഹായിക്കാറുണ്ട്. മുഖ്യമന്ത്രിക്കും ആയിരക്കണക്കിന്

LIBRARY ARCHIVES Kerala Legislative Assembly

പരാതികൾ കിട്ടുന്നുണ്ട്. ഇതിവിടെ ആർക്കും കൊടുക്കുന്നുണ്ട് എന്നുള്ളത് ശ്രീ. പാലോട് രവിക്കും പ്രതിപക്ഷ എം. എൽ. എ. മാർക്കും ഒക്കെ അറിയാവുന്നതാണല്ലോ ? ചികിത്സാ സഹായമായി പാവപ്പെട്ട മനുഷ്യർക്ക് കൊടുക്കുന്നുണ്ട്. ഒരു പത്രവാർത്ത വരികയും ഇതൊരു വിഷയമാകുകയും ചെയ്തപ്പോൾ സ്വാഭാവികമായും ആ പ്രദേശങ്ങളിൽ അന്വേഷിക്കുകയും അവരെ സഹായിക്കേണ്ടാതാണെങ്കിൽ സഹായിക്കുകയും ചെയ്യുന്നതിന് നിർദ്ദേശം കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് അവിടെ പോയത്. പൊൻമുടി എസ്റ്റേറ്റിലേയും ബോണക്കാട് എസ്റ്റേറ്റിലേയും പ്രശ്നങ്ങൾ എത്രയോ കാലമായതാണ്. ഇത്ര ഗൗരവമായ ഒരു പ്രശ്നമാണെങ്കിൽ ഈ എം. എൽ.എ. ഈ നിയമസഭയിൽ ആ പ്രശ്നം പരിഹരിക്കാനായി എന്തെങ്കിലും ഒരു സബ്മിഷനായോ ഒരു ശ്രദ്ധക്ഷണിക്കലായോ കൊണ്ടുവന്നിട്ടുണ്ടോ ? ...(ബഹളം)... ഈ 11 മാസക്കാലത്തിനിടയിൽ ഉണ്ടായിട്ടില്ല ....(ബഹളം).... 14 കൊല്ലക്കാലം പൂട്ടിക്കിടന്ന ഒരു സ്ഥാപനം എൽ.ഡി.എഫിന്റെ ഗവൺമെന്റ് വന്നപ്പോഴാണ് തുറന്നു പ്രവർത്തിച്ചത്. ഈ ഗവൺമെന്റ് വന്നതിനുശേഷം അവിടത്തെ ട്രേഡ് യൂണിയൻ സംഘടനകളെല്ലാം സംയുക്തമായി അവരെ സഹായിക്കണമെന്ന് ആവശ്യപ്പെട്ടു. ഈ ഗവൺമെന്റ് സാമ്പത്തിക സഹായവും സൗജന്യ റേഷനും അവിടെ നൽകിയിട്ടുണ്ട്. ആ എസ്റ്റേറ്റ് മുതലാളിമാരുടെ കുടിശ്ശിക സംബന്ധിച്ച് ഇവിടെ ബഹുമാനപ്പെട്ട കാർത്തികേയൻ പറഞ്ഞല്ലോ ? എസ്റ്റേറ്റ് മുതലാളിമാരുടെ കുടിശ്ശിക പിരിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് തേയില സീസ് ചെയ്തപ്പോൾ ആ തേയില വിട്ടുകൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വന്നതാരാണ് ? ട്രേഡ് യൂണിയൻ നേതാക്കന്മാരാണ്. ആ തേയില വിട്ടു കൊടുത്താലേ ഞങ്ങൾക്ക് ബോണസ്സും ആനുകൂല്യങ്ങളും തരൂ, അതുകൊണ്ട് വിട്ടുകൊടുക്കണമെന്ന് രേഖാമൂലം ട്രേഡ് യൂണിയൻ നേതാക്കൻമാർ ഒന്നിച്ചു വന്ന് എഴുതി തന്നതിന്റെ അടിസ്ഥാനത്തിലാണ്. അവരുമായി ധാരണയുണ്ടായതിന്റെ അടിസ്ഥാനത്തിലാണ് അത് വിട്ടുകൊടുത്തത്. തൊഴിലാളികൾക്കാണ് അത് വിട്ടുകൊടുത്തത്. ഇവിടെ ശ്രീ. കാർത്തികേയൻ പറഞ്ഞത് അതും മുതലാളിമാർ പ്രയോജനപ്പെടുത്തി എന്നാണ്. ട്രേഡ് യൂണിയൻ നേതാക്കൻമാർ ഒന്നിച്ച് എഴുതി തന്നതിന്റെ അടിസ്ഥാനത്തിൽ, ഞങ്ങൾക്ക് ബോണസ്സും ആനുകൂല്യങ്ങളും കിട്ടണമെങ്കിൽ ഈ സീസ് ചെയ്ത തേയില വിട്ടുകൊടുക്കണമെന്ന് ആവശ്യപ്പെട്ടതിനനുസരിച്ചാണ് തൊഴിലാളികൾക്ക് ഇത് വിട്ടുകൊടുത്തത്.....(ബഹളം).... തൊഴിലാളി എന്തിനാണ് ഈ മുതലാളിക്കുവേണ്ടി ശുപാർശ ചെയ്യാൻ വന്നത് ? നിങ്ങളുടെ ഐ.എൻ.ടി.യു.സി. നേതാക്കൻമാരും അതിൽ ഉണ്ടായിരുന്നല്ലോ ? ഇതിനൊക്കെ റിക്കാർഡുണ്ട്.....(ബഹളം)....അതുകൊണ്ടാണ് ഞാൻ പറയുന്നത് ഗവൺമെന്റിന് കുടിശ്ശികയുള്ളതിന്റെ അടിസ്ഥാനത്തിൽ അവർ തേയില കൊണ്ടുപോകാൻ ശ്രമിച്ചപ്പോൾ തേയില തടഞ്ഞുവച്ചു. അത് സീസ് ചെയ്തു. സീസ് ചെയ്തപ്പോൾ ആ തേയില വിട്ടുകൊടുത്ത്, അത് വിറ്റുകിട്ടുന്ന കാശുകൊണ്ടു വേണം ഞങ്ങളുടെ ബോണസും മറ്റ് ആനുകൂല്യങ്ങളും തരാൻ, അതുകൊണ്ട് ഇത്തരമൊരുകടുംകൈ ചെയ്യരുത്, സഹായിക്കണം, 10-11 മാസമായി പൂട്ടിക്കിടക്കുന്ന സ്ഥാപനമാണെന്നൊക്കെ തൊഴിലാളികൾ പറഞ്ഞപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ അഭിപ്രായം കണക്കിലെടുത്തുകൊണ്ട് തൊഴിലാളികളുടെ പ്രതിനിധികളെയെല്ലാം വിളിച്ചുകൂട്ടി ഒരു കോൺഫറൻസ് നടത്തി, അതിന്റെ തീരുമാനമനുസരിച്ച് തൊഴിലാളികൾക്കുവേണ്ടിയാണ് വിട്ടുകൊടുത്തത്. അത് കിട്ടിയില്ല എന്നുപറയുന്നതിന്റെ ഉത്തരവാദിത്വം നമുക്കല്ല, മുതലാളിമാരെ ആരെങ്കിലും അതിന്റെകൂടെ സഹായിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിൽ അതിന് വേറെ കണക്കുപറഞ്ഞുകൊള്ളണം. അതുകൊണ്ട് ഈ മൂന്ന് കേസുകളും വിശദമായി ഞങ്ങൾ പരിശോധിച്ചതാണ്; ആ പ്രദേശങ്ങളിൽ പ്രയാസങ്ങളുണ്ട്, പ്രശ്നങ്ങളുണ്ട് അതൊക്കെ ഞങ്ങൾക്കറിയാവുന്നതാണ്. അത്തരം പ്രയാസമുള്ള സ്ഥലങ്ങളിലൊക്കെത്തന്നെ അതാത് അവസരങ്ങളിൽ ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുവേണ്ടി ഞങ്ങൾ തീരുമാനമെടുത്തിട്ടുണ്ട്, നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ കലാമിറ്റിയുടെ കാര്യത്തിൽ സാധാരണഗതിയിൽ ഏതെങ്കിലും പ്രദേശങ്ങളിൽ അത്തരം സംഭവമുണ്ടായാൽ ഒരു ആക്ഷേപത്തിനും ഇടയില്ലാത്തവിധം ഇന്ന് സാമ്പത്തിക സഹായങ്ങൾ ഈ ഗവൺമെന്റ് നൽകിക്കൊണ്ടിരിക്കുന്നുണ്ട്. ഒരൊറ്റസ്ഥലത്തില്ലാതെ കൊടുക്കുന്നുണ്ട്. ഇല്ലെന്ന് ആർക്കെങ്കിലും ചൂണ്ടിക്കാണിക്കാൻ കഴിയുമോ? ആള് മരിച്ചാലും വീട് നഷ്ടപ്പെട്ടാലും മാറ്റി പാർപ്പിക്കേണ്ടിവന്നാലും എല്ലാത്തിനും നടപടികൾ സമയാസമയങ്ങളിൽ ചെയ്യുന്ന ഒരു ഗവൺമെന്റാണിത്. അതുകൊണ്ട് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ഇത്തരമൊരു കള്ള പ്രസ്താവന കൊണ്ടുവരുന്നത് സത്യത്തിൽ ശരിയല്ല. ഇതിന്റെ ഗൗരവത്തിൽ ആ പ്രദേശങ്ങളിലെ ദുരിതം എന്താണെന്ന് മനസ്സിലാക്കി അത് പരിഹരിക്കാനുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. ഇവിടെ പറഞ്ഞ വിഷയങ്ങളുടെ അടിസ്ഥാനത്തിൽതന്നെ ഞങ്ങൾ ഗൗരവമായിട്ട് ആ പ്രശ്നങ്ങളെടുത്തു. അത് ഉള്ളതാണെങ്കിലും ഇല്ലാത്തതാണെങ്കിലും പോയി അന്വേഷിക്കണമല്ലോ? അതുകൊണ്ടാണ് കളക്ടർ പോയപ്പോൾ അടിയന്തിരമായി ആയിരം രൂപ കൊടുക്കാൻ തീരുമാനിച്ച് കൊടുത്തത്. മുഖ്യമന്ത്രിയുമായും ഞങ്ങൾ ആ കാര്യം സംസാരിച്ചിട്ടുണ്ട്. ഇത് പട്ടിണി മരണമാണെന്ന് വരുത്തിത്തീർക്കാൻ നിങ്ങൾ ശ്രമിക്കുന്നു. ആ പ്രദേശങ്ങളിൽ ദുരിതം നിലനിൽക്കുന്നുണ്ട് എന്നുള്ള വസ്തുത ഞങ്ങൾ അംഗീകരിക്കുന്നു. അവർക്ക് തൊഴിലില്ല, കുറേക്കാലമായി പൂട്ടിക്കിടക്കുന്ന തോട്ടമാണത്. ആ പ്രയാസങ്ങളൊക്കെ അനുഭവിക്കുന്നുണ്ട്. അതുകൊണ്ട് മരിച്ച കുടുംബങ്ങളെ സഹായിക്കുന്നതിനുവേണ്ടി സാമ്പത്തിക സഹായം ചെയ്യണമെന്നാണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. 15,000 രൂപ വീതം കൊടുത്ത് ആ കുടുംബങ്ങളെ സഹായിക്കും. ഈ തോട്ടം മേഖലയിൽ പ്രയാസം അനുഭവിക്കുന്നുണ്ടെന്ന വസ്തുത കണക്കിലെടുത്തുകൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം ചെയ്യുന്നതിനും അത് എല്ലാകൊല്ലവും ചെയ്യുന്നതാണ്-അവിടെ സൗജന്യറേഷൻ കൊടുക്കുന്നതിനുമുള്ള നിർദ്ദേശം കൊടുക്കുകയും അതുടനെതന്നെ നടപ്പിലാക്കുകയും ചെയ്യും. മുഖ്യമന്ത്രിയുമായി ആലോചിച്ച് ആ കമ്പനി തുറപ്പിക്കാൻ, തൊഴിലാളികൾക്ക് നൽകേണ്ട കൂലി നൽകാൻ, അത്തരം കാര്യങ്ങളിലൊക്കെ എന്തു ചെയ്യാൻ കഴിയുമെന്നുള്ള കാര്യം അടിയന്തിരമായി ഞങ്ങൾ പരിശോധിക്കും. അതുകൊണ്ട് രാജ്യം മുഴുവൻ ഇങ്ങനെ പുകമറ പരത്താൻ ശ്രമിക്കുന്ന ഈ

LIBRARY ARCHIVES Kerala Legislative Assembly

നിലപാട് നിങ്ങൾക്കും ഞങ്ങൾക്കും ഈ സംസ്ഥാനത്തിനും ഗുണം ചെയ്യില്ല, നാട്ടിനുതന്നെ അപമാനകരമാണ്. അതുകൊണ്ട് ഏത് നിലയിലും ഒരു പട്ടിണി മരണമെന്നത് കേരളത്തിൽ സംഭവിക്കാതിരിക്കാൻ വേണ്ടി ജാഗ്രതയോടുകൂടി, പ്രതിബദ്ധതയോടുകൂടി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റ് എന്നുള്ള നിലയിൽ നിങ്ങളുടെ ഏതെങ്കിലും ഒരു മണ്ഡലത്തിൽ അത്തരം പ്രശ്നങ്ങളുണ്ടെങ്കിൽ മുൻകൂട്ടി അറിയിക്കുക, മുൻകൂട്ടി അറിയിച്ചാൽ ആ നിമിഷം ....(ബഹളം)... ഗവൺമെന്റിനെ അറിയിക്കുന്നതിനനുസരിച്ചാണ് ഇതിൽ ചില നടപടികൾ സ്വീകരിക്കുന്നത്. അതുകൊണ്ട് തക്ക സമയത്ത് അറിയിക്കുന്നതിൽ വീഴ്ച വരുത്തിയിട്ട് അതിന്റെ കുറ്റം മുഴുവൻ ഗവൺമെന്റിന്റെ തലയിൽ വച്ചു കെട്ടുന്നതിന് ശ്രമിക്കരുത്. അതുകൊണ്ടാണ് ഞാൻ ശ്രീ. ജി. കാർത്തികേയനോട് പറഞ്ഞത്, 27-ാം തീയതി മരിച്ച വിഷയം ഇന്നാണ് ഇവിടെ പറയുന്നത് ...(ബഹളം)... ഞാൻ അവിടെ പോകാം, അവിടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ മുഴുവൻ പോകുന്നുണ്ട്. കേരളത്തിൽ എവിടെ ഇത്തരം സംഭവങ്ങൾ നടക്കുമ്പോഴും തക്കസമയത്ത് ബന്ധപ്പെട്ട അധികൃതർ പോകുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒരാക്ഷേപവും ഇതുവരെ ഉണ്ടാക്കിയിട്ടില്ല. പ്രതിപക്ഷങ്ങൾക്കും ഉണ്ടായിട്ടില്ല. ഈ സംഭവങ്ങളിൽ ആവശ്യമായ നടപടികളൊക്കെ ചെയ്യുന്നതിന് ഗവൺമെന്റ് തീരുമാനങ്ങളെടുത്തിട്ടുണ്ട്. അത് നടപ്പിലാക്കുകയാണ് . അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു പ്രശ്നവും ഈ കാര്യത്തിലില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): സർ, ബഹുമാനപ്പെട്ട ജി. കാർത്തികേയൻ ബോണക്കാട് പ്രശ്നത്തെ സംബന്ധിച്ച് മുഖ്യമന്ത്രിയേയും ജലസേചന വകുപ്പുമന്ത്രിയേയും അറിയിച്ചുവെന്ന് അസംബ്ലിയിൽ പറയുകയുണ്ടായി. എന്നെ ആരും അറിയിച്ചിട്ടില്ല. സത്യം അതാണ്. സത്യവിരുദ്ധമായി ഒരൊറ്റ വാക്കു പോലും എനിക്ക് എതിരായി പറയേണ്ട ആവശ്യമില്ല. കേരളത്തിൽ ഇതുപോലെ കൂലി കൊടുക്കാത്ത ധാരാളം എസ്റ്റേറ്റുകളുണ്ട്. ഇല്ലെന്നു ഞാൻ പറയുന്നില്ല. ക്ലോസ് ചെയ്തിട്ടുള്ള എസ്റ്റേറ്റുകളുമുണ്ട്. മുതലാളി ഓടിയൊളിച്ചിട്ടുള്ള എസ്റ്റേറ്റുകളുമുണ്ട്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. കേരളത്തിലെ പല എസ്റ്റേറ്റുകളിലും നടക്കുന്ന ചൂഷണത്തിന്റെ സ്വഭാവം ഇതാണ്. അത് ഇവിടെയും ഉണ്ട്. ഇല്ലെന്നു ഞാൻ പറയുന്നില്ല. പക്ഷേ ഇതുപോലെ രോഗബാധിതരായി വന്നിട്ടുള്ളവരുടെ രോഗം അറിഞ്ഞിരുന്നെങ്കിൽ തീർച്ചയായും ഞങ്ങൾ സഹായിക്കുമായിരുന്നു. ഈ സംഭവം നടന്നതിനുശേഷമാണ് ഞാൻ അറിയുന്നത് വസന്തകുമാരിയുടെയും ലാസറിന്റെയും കാര്യങ്ങൾ ഞാൻ ഇന്നലെ ടി.വി.യിൽ കണ്ടിരുന്നു. ശ്രീ. എ. കെ. ആന്റണിയും മറ്റും അവിടെ പോയിരുന്നതും ടി.വി.യിൽ കണ്ടിരുന്നു. വേറൊരാൾ സ്കൂട്ടറിൽ പോയതും കണ്ടു. നന്നായി. എനിക്ക് ആരോഗ്യമുണ്ടായിരുന്നെങ്കിൽ ഞാനും പോകുമായിരുന്നു. ഈ തരത്തിലുള്ള സംഭവങ്ങൾ കേരളത്തിൽ ഉണ്ടാകാൻ പാടില്ല. ഉണ്ടാകരുതെന്നുള്ളതിനോട് ഞാനും യോജിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : സർ, ഇതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അങ്ങേക്ക് ഞാൻ നിവേദനങ്ങൾ നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എനിക്ക് അങ്ങയുടെ മറുപടിയും കിട്ടിയിട്ടുണ്ട്. അങ്ങ് അത് ഓർക്കാത്തതാണ്.

ശ്രീ. ഇ. കെ. നായനാർ : സർ, കഴിഞ്ഞ മൂന്ന് മാസമായി ശ്രീ. ജി. കാർത്തികേയൻ എന്നെ കാണാൻ വന്നിട്ട്. ശ്രീ. എ. കെ. ആന്റണിയും ശ്രീ. പാലോട് രവിയും ശ്രീ. കെ. കരുണാകരനും ശ്രീ. ശങ്കരനാരായണനും എന്നെ കാണാൻ വന്നിട്ടുണ്ട്. നിങ്ങൾ വരാതെ വന്നു എന്ന് ഇവിടെ സ്ഥാപിക്കരുത്. ഇവർ വന്നിരുന്നുവെന്നുള്ളത് ശരിയാണ്. പക്ഷേ ശ്രീ. ജി. കാർത്തികേയൻ വന്നിട്ടില്ല. അതു സത്യമാണ്. ശ്രീ. ആര്യാടൻ ശ്രീ. ജി. കാർത്തികേയനുവേണ്ടി കള്ള സാക്ഷി പറയണ്ട. ഈ സംഭവത്തെ സംബന്ധിച്ച് പിന്നീട് ഞാൻ അന്വേഷിച്ചു. ജില്ലാ കളക്ടറോടും ഡോക്ടർമാരോടും ഈ സംഭവത്തിന്റെ വിശദമായ റിപ്പോർട്ട് ഞാൻ ആവശ്യപ്പെട്ടു. ഡോക്ടർമാർ തന്നിട്ടുള്ള റിപ്പോർട്ടിന്റെ വെളിച്ചത്തിൽ, ജില്ലാ കളക്ടർ കൊടുത്ത റിപ്പോർട്ടിൽ, ഡോക്ടർമാർ പറയുന്നത്,

"According to Doctors, the death was due to Septicemic shock Thrombocytopenia. There appears to have been either an infection of a malignancy that led to a blood disorder on account of which she had gone into septicemic shock. They do not confirm that the death was due to starvation as alleged in the press report".

എന്നാണ്. ഇത് ശരിയോ തെറ്റോ എന്നറിയില്ല. അതുപോലെ വസന്തകുമാരിയെ സംബന്ധിച്ചുള്ള ഡോക്ടറുടെ റിപ്പോർട്ടും ലാസർ മരിച്ചു പോയതിനെ സംബന്ധിച്ചുള്ള റിപ്പോർട്ടുമുണ്ട്. ഇത് രണ്ടും ഞാൻ ഡോക്ടർമാരുടെ കയ്യിൽ നിന്നും വാങ്ങിയതാണ്. ഞാൻ അവരെ കാണാൻ പോയില്ല. എനിക്ക് ആരോഗ്യമില്ലാത്തതുകൊണ്ട് ആ സ്ഥലത്ത് പോകാൻ സാധിച്ചിട്ടില്ല. ലാസറിനെ സംബന്ധിച്ച് പറഞ്ഞതെന്താണ് ? നെഫ്രോളജി യൂണിറ്റിലെ പ്രൊഫസറുടെ ചികിത്സയിൽ കഴിയുകയും 13-3-2000 വരെ ചികിത്സ നടത്തുകയും ചെയ്തിരുന്നു എന്നാണ്. "അഡ്വാൻസ്ഡ് ക്രോണിക് റീനൽ ഫെയ്ലുവർ" എന്ന രോഗമാണ് ലാസറിനുണ്ടായിരുന്നതെന്നാണ് മെഡിക്കൽ റിപ്പോർട്ടിൽ പറയുന്നത്. മരണ ശേഷം ജില്ലാ കളക്ടർ വീട് സന്ദർശിച്ച് അടിയന്തിര സഹായമായി ആയിരം രൂപ നൽകി. പിന്നീട് അവർക്ക് 15,000 രൂപ ദുരിതാശ്വാസനിധിയിൽനിന്നും കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു. രണ്ടുപേർക്കും 15,000 രൂപ വീതം കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു. പട്ടിണി മരണമുണ്ടാകാൻ പാടില്ലെന്നാണ് നമ്മളെല്ലാവരും ആഗ്രഹിക്കുന്നത്. രോഗബാധിതരായി വന്നതിനെ സംബന്ധിച്ച് മുൻകൂട്ടി അറിയാമായിരുന്നു വെങ്കിൽ അവരെ സഹായിക്കുമായിരുന്നു. പിന്നെ ഫാക്ടറികളിൽ അഴിമതിയും കൂലി കൊടുക്കായ്മയും ധാരാളമുണ്ട്. അതിനെതിരായി ശക്തിയായ നടപടികൾ സ്വീകരിക്കും. അതേ സമയം രോഗബാധിതരാണെന്ന് മുൻകൂട്ടി അറിഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

തീർച്ചയായും കഴിയുന്ന സഹായം നൽകാൻ കഴിയും. ഈ റിപ്പോർട്ട് ഞാൻ ഡോക്ടർമാരുടെ അടുത്ത് നിന്ന് നിർബന്ധപൂർവ്വം വാങ്ങിയതാണ്. അന്ന് ഞാൻ ആശുപത്രിയിൽ കിടക്കുകയായിരുന്നു. അത് കൊണ്ടാണ് ഞാൻ അതിൽ പ്രത്യേക താല്പര്യമെടുത്തത്. ഇവരെല്ലാം എന്നെ കാണാൻ ആശുപത്രിയിൽ വന്നിരുന്നു. ഞാൻ അതിന് അവരോട് നന്ദി പറയുകയും ചെയ്തു. ഇക്കാര്യത്തിൽ നിങ്ങളുടെ റിപ്പോർട്ട് എനിക്കാവശ്യമാണെന്ന് ഞാൻ ഡോക്ടർമാരോട് പറഞ്ഞു. ആരും മരിക്കാൻ പാടില്ല. ഇതൊരു പട്ടിണി മരണമായി കണക്കാക്കാൻ പറ്റില്ല. രോഗബാധിതമായ മരണമായിരുന്നു എന്നാണ് ഡോക്ടർമാർ പ്രസ്താവിച്ചിട്ടുള്ളത്. ഇതാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്.

മി. സ്പീക്കർ : മുഖ്യമന്ത്രിയുടെയും റവന്യൂ വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയാവതരണത്തിനുള്ള അനുമതി ചെയർ നിഷേധിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ,. കേരളത്തിൽ ഈ കാലഘട്ടത്തിൽ സംഭവിച്ചു കൂടാത്ത ഒരു ദുരന്തമുണ്ടായിക്കഴിഞ്ഞപ്പോൾ ആ ദുരന്തത്തിനിരയായവരുടെ കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുകയും അവരെ സഹായിക്കുകയും ഇത്തരം ദുരന്തങ്ങൾ കേരളത്തിൽ ഇനിയൊരിക്കലുമുണ്ടാകാതിരിക്കാൻ മനുഷ്യസാധ്യമായ നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി പ്രഖ്യാപിക്കുകയും ചെയ്യുമെന്നാണ് ഞാൻ കരുതിയത്. ഇന്ന് ശ്രീ. ജി. കാർത്തികേയൻ അവതരിപ്പിച്ച അടിയന്തിര പ്രമേയത്തിന് മറുപടി പറഞ്ഞത് എനിക്ക് നേരത്തെ അറിയാമായിരുന്ന പഴയ ഇസ്മയിലാണോ എന്ന് ഞാനിപ്പോൾ സംശയിക്കുന്നു. അങ്ങയുടെ ആദ്യത്തെ വാക്ക്, അങ്ങ് മറുപടി ആരംഭിച്ചത്, കേരളത്തിൽ പട്ടിണിയുമില്ല, പട്ടിണിമരണവുമില്ലെന്നാണ്. അങ്ങ് എവിടെയാണ് നിൽക്കുന്നത് ? കേരളത്തിൽ പട്ടിണിയില്ലേ ? അങ്ങ് കേരളത്തിലെ ജനങ്ങളുടെ ഇന്നത്തെ ജീവിത യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുന്നില്ലേ ? പട്ടിണിയും പട്ടിണിമരണങ്ങളുമില്ലെന്ന് അങ്ങ് പറയുന്നു. ബഹുമാനപ്പെട്ട കണാരൻ, അങ്ങ് ഇതിനോട് യോജിക്കുന്നുണ്ടോ? ഇവിടത്തെ അദ്ധ്വാനിക്കുന്ന കർഷകത്തൊഴിലാളികളുൾപ്പെടെയുള്ള തൊഴിലാളി വിഭാഗത്തിന്റെ വികാരങ്ങൾ അറിയാവുന്ന നേതാവല്ലേ ? അദ്ദേഹം പറയുമോ കേരളത്തിൽ പട്ടിണിയില്ല എന്ന്. ഞാൻ അധികം വിശദീകരിക്കുന്നില്ല. ഇന്നലെ ഒരു പ്രത്യേക സാഹചര്യത്തിൽ അസംബ്ലി നടപടികൾ മുഴുവൻ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. അതിന്റെ ഫലമായി ഇന്നലെ സബ്മിഷനെടുക്കാനും സാധിച്ചില്ല. ഇന്നലത്തെ ആദ്യത്തെ സബ്മിഷൻ എന്തായിരുന്നു ? ഞാൻ വായിക്കാം, പത്താം കേരള നിയമസഭ, 14-ാം സമ്മേളനം, 19-6-2000 തിങ്കൾ. അംഗത്തിന്റെ പേര് ശ്രീ. എ. കണാരൻ, ഒന്നാമത്തെ സബ്മിഷൻ, മാർക്സിസ്റ്റു പാർട്ടിയുടെ പാർലമെന്ററി പാർട്ടി സെക്രട്ടറി. അഭിപ്രായ വ്യത്യാസങ്ങളുണ്ടെങ്കിലും പാവങ്ങളുടെ വേദനകൾ കുറെ അറിയാവുന്ന ഒരാളാണ് ശ്രീ. കണാരൻ. അദ്ദേഹത്തിന്റെ ഒന്നാം നമ്പർ സബ്മിഷൻ. ശ്രീ. എ. കണാരൻ എഴുതിയിരിക്കുന്ന സബ്മിഷൻ, തിരുവനന്തപുരം ജില്ലയിലുണ്ടായിരിക്കുന്നതുപോലെയുള്ള പട്ടിണി മരണങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് ....(ബഹളം).... അവരുടെ സംഘടിതമായ ശബ്ദത്തെ അതിജീവിക്കാനുള്ള ശബ്ദം എനിക്കില്ലാത്തതുകൊണ്ട് അങ്ങയുടെ അനുമതിയോടുകൂടി ആ സബ്മിഷൻ ലിസ്റ്റ് ഒന്നുകൂടി ഞാൻ വായിക്കാം. അംഗത്തിന്റെ പേര്, ആദ്യത്തെ സബ്മിഷൻ ശ്രീ. എ. കണാരൻ വിഷയം- തിരുവനന്തപുരം ജില്ലയിലുണ്ടായതുപോലെയുള്ള പട്ടിണിമരണങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച്. മുഖ്യമന്ത്രിക്കാണ് സബ്മിഷൻ, അപ്പോൾ തിരുവനന്തപുരം ജില്ലയിലെ പട്ടിണി മരണത്തെക്കുറിച്ച് ഇന്നലെ, മാർക്സിസ്റ്റ് പാർട്ടിയുടെ പാർലമെന്ററിപാർട്ടി സെക്രട്ടറിയാണ് ഇവിടെ സബ്മിഷൻ അവതരിപ്പിച്ചത്. ഇവിടെ മാർക്സിസ്റ്റു പാർട്ടിക്കുവേണ്ടി അംഗങ്ങൾ പറയുന്നതെല്ലാം അടിസ്ഥാന രഹിതമാണെന്നാണോ ഞങ്ങൾ വിശ്വസിക്കേണ്ടത് ?

ശ്രീ. എ. കണാരൻ : അങ്ങനെ പത്രവാർത്ത വന്നപ്പോൾ ഞാൻ അതിന്റെ നിജസ്ഥിതി മനസ്സിലാക്കുവാൻ വേണ്ടി കൊടുത്തതാണ്. നിങ്ങളതിനെ ദുർവ്യാഖ്യാനിക്കരുത്.

ശ്രീ. എ. കെ. ആന്റണി : നാട്ടിലെ ജനങ്ങളുടെ യഥാർത്ഥ ചുറ്റുപാടുകൾ അറിയുവാനും അത് സമ്മതിക്കുവാനും ഒരു ഗവൺമെന്റിന് ദുരഭിമാനമുണ്ടെങ്കിൽ ആ ഗവൺമെന്റിന്റെ കീഴിൽ ജനങ്ങൾക്ക് ആശ്വാസം പ്രതീക്ഷിക്കേണ്ടതില്ല. കേരളത്തിൽ പട്ടിണി ഇല്ലെന്നാണ് ശ്രീ. കെ. ഇ. ഇസ്മയിൽ പറഞ്ഞത്. ഈ കാലഘട്ടത്തിൽ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പറഞ്ഞ ഏറ്റവും മനുഷ്യത്വരഹിതമായ ഒരു പ്രഖ്യാപനമായിപ്പോയി. കേരളത്തിൽ പട്ടിണിയും പട്ടിണിമരങ്ങളുമുണ്ടായിട്ടുണ്ട്. മാത്രമല്ല, ഇന്ന് കേരളത്തിൽ തുടരുന്ന സ്ഥിതി വിശേഷത്തിന് പരിഹാരമുണ്ടാകുന്നില്ലെങ്കിൽ പട്ടിണി മരണങ്ങൾ ഉണ്ടാകുമെന്ന് ഞാൻ പലപ്രാവശ്യം അസംബ്ലിക്കകത്തും പുറത്തും പ്രസ്താവിച്ചിട്ടുണ്ട്. ഭരണ പക്ഷത്തിരിക്കുന്ന ശ്രീ. വി. പി. രാമകൃഷ്ണ പിള്ളയും ഞാനുംകൂടി എന്റെ നിയോജകമണ്ഡലമായ ചേർത്തലയിലെ അർത്തുങ്കലിൽ പോയപ്പോൾ അവിടെ ഒരു പൊതുയോഗത്തിൽ വച്ച് അവിടത്തെ നാട്ടുകാർ പറഞ്ഞു നാലഞ്ച് ദിവസങ്ങളായി കടപ്പുറത്ത് മൽസ്യമില്ലാത്തതുകൊണ്ട് കുട്ടികൾക്ക് കഞ്ഞി വെള്ളം പോലും കൊടുക്കാൻ സാധിക്കുന്നില്ല എന്ന്. ഇതാണ് കേരളത്തിലെ തീരപ്രദേശങ്ങളിലെ സ്ഥിതി. കൈത്തറിമേഖലയിലേയും ഹൈറേഞ്ചിലേയും സ്ഥിതി ഇതാണ്. അപ്പോൾ പട്ടിണി യാഥാർത്ഥ്യമാണ്. ഞാൻ നിങ്ങളെ കുറ്റപ്പെടുത്തുകയല്ല. പട്ടിണി ഇല്ലയെന്ന് നിങ്ങളുടെ മന്ത്രി പറയുന്നു. കേരളത്തിൽ പരമ്പരാഗതമേഖലയിൽ, കാർഷിക മേഖലയിൽ, മൽസ്യ മേഖലയിൽ, കൈത്തറി മേഖലയിൽ, തൊഴിൽ മേഖലയിൽ അതുപോലെ പല മേഖലകളിലും ഇന്ന് പട്ടിണിയുണ്ടെന്നുള്ളത് സത്യമാണ്. പട്ടിണി മരണമു ണ്ടെന്നുള്ളത് സത്യമാണ്. ആ സത്യം നിങ്ങൾ നിഷേധിച്ചിട്ട് കാര്യമില്ല. നിങ്ങൾ ഇന്ന് സാധാരണ ജനങ്ങളിൽ നിന്നും വളരെ ദൂരം അകന്നുപോയിരിക്കുന്നു. നിങ്ങൾക്ക് ഈ രാജ്യത്തെ യഥാർത്ഥ പ്രശ്നം അറിയില്ല. ഇനി ഇവിടത്തെ പ്രശ്നത്തിലോട്ട് വരാം. ബോണക്കാട്ടെ പ്രശ്നവും കാട്ടാക്കടയിലെ പ്രശ്നവും ; അങ്ങ് പറയുന്നത് മെയ് 27-നാണ് ആദ്യ മരണം ; ജൂൺ 12-ന് രണ്ടാമത്തെ മരണം ;

LIBRARY ARCHIVES Kerala Legislative Assembly

ജൂൺ 15-ന് മൂന്നാമത്തെ മരണം എന്നാണ്. അതിനെക്കുറിച്ച് പത്രങ്ങളിൽ വാർത്തകൾ വന്നല്ലോ? അങ്ങ് ഇതിനെക്കുറിച്ച് അന്വേഷിച്ചോ? കഴിഞ്ഞ ഒരാഴ്ചയായി ഇതുസംബന്ധിച്ച് പത്രങ്ങളിൽ വാർത്ത വരുന്നുണ്ട്. തിരുവനന്തപുരത്ത് ഇങ്ങനെ സംഭവങ്ങൾ നടക്കുന്നുവെന്ന് ഇവിടത്തെ പ്രധാന പത്രങ്ങളിൽ വാർത്ത വന്നിട്ട് അങ്ങ് എപ്പോഴാണ് അതിനെക്കുറിച്ച് അന്വേഷിച്ചത്? ഇന്നലെ അസംബ്ലിയിൽ പറഞ്ഞതിനുശേഷം ആണല്ലോ. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഈ പ്രശ്നം എപ്പോൾ അന്വേഷിച്ചു? ഒരാഴ്ചക്കാലം തിരുവനന്തപുരത്തെ പ്രധാന പത്രങ്ങളിലെല്ലാം, എല്ലാ വാർത്താ മാധ്യമങ്ങളും ഈ വാർത്ത പല പ്രാവശ്യം ആവർത്തിച്ച് റിപ്പോർട്ട് ചെയ്തിട്ട് അതേക്കുറിച്ച് മന്ത്രി അന്വേഷിച്ചിട്ടുണ്ടോ? പട്ടിണിമരണമുണ്ടായി എന്നുള്ളള വാർത്ത അസംബ്ലിയിലും വന്നു. ശ്രീ. എ. കണാരന്റെ സബ്മിഷൻ വന്നു, ഞാൻ ചോദ്യം ചോദിച്ചു. കാട്ടാക്കടയെന്നു പറയുന്ന സ്ഥലം ഇവിടെനിന്ന് 25 മിനിറ്റ് യാത്ര ചെയ്താൽ എത്താവുന്നതല്ലേയുള്ളു. ഇന്നലെ പട്ടിണി മരണത്തെക്കുറിച്ചുള്ള വാർത്ത അസംബ്ലിയിൽ വരുകയും മാർക്സിസ്റ്റ് പാർട്ടിയുടെ പാർലമെന്ററി പാർട്ടി സെക്രട്ടറി ശ്രീ. എ. കണാരൻ വരെ സബ്മിഷൻ അവതരിപ്പിച്ചിട്ട് റവന്യൂ വകുപ്പ് കൈകാര്യം ചെയ്യുന്ന അങ്ങോ ഈ ഗവൺമെന്റിലെ ഏതെങ്കിലും ഒരു മന്ത്രിയോ കാട്ടാക്കടവരെ പോയോ? ഭാര്യ മരിച്ച ഭർത്താവിനെ കണ്ടോ, മകളെ കണ്ടോ, ആ വീട്ടിൽ പോയി കാര്യങ്ങൾ അന്വേഷിച്ചോ? ഈ തലസ്ഥാനത്ത് നിങ്ങളുടെ മൂക്കിന് താഴെ ഒരു സംഭവമുണ്ടായിട്ട് അവിടെപ്പോയി അന്വേഷിച്ചോ? ബോണക്കാട്ട് ഇന്നലെ ഞങ്ങൾ പോയി തിരിച്ച് മടങ്ങുമ്പോഴാണ് കളക്ടർ അവിടെ വന്നത്. നിങ്ങൾ ആരെങ്കിലും പോയോ? ഈ മന്ത്രിസഭയിലെ ഏതെങ്കിലും ഒരു മന്ത്രി പോയോ? ഞാൻ ഇപ്പോഴും പറയുന്നു ഇന്ന് അസംബ്ലി കഴിഞ്ഞിട്ട് ഭരണകക്ഷിയിലേയും പ്രതിപക്ഷത്തിലേയും എം. എൽ. എ. മാരുടെ സംഘം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കാട്ടാക്കടയും ബോണ്ക്കാട്ടും പോയി നാട്ടുകാരോട് ചോദിക്കട്ടെ? വാർത്താമാധ്യമ പ്രതിനിധികളെയും വിളിക്കാം. ജനകീയ കോടതിയായ ജനങ്ങളുടെ മുമ്പാകെ നമ്മുടെ നിയമസഭാ പ്രതിനിധികൾ മന്ത്രിയുടെ നേതൃത്വത്തിൽ അവിടെ പോകട്ടെ, അവിടെപ്പോയി വസന്തകുമാരിയുടെ ഭർത്താവിനെ കാണട്ടെ; മകളെ കാണട്ടെ; അയൽപക്കത്തുള്ളവരെ കാണട്ടെ, അവരോട് സംസാരിക്കട്ടെ. വസന്തകുമാരിയുടെ മകൾ ഇന്നലെ എന്നോട് പറഞ്ഞത് നാല് ദിവസമായി കഞ്ഞിവെള്ളം പോലും അമ്മ കഴിച്ചിട്ടില്ല എന്നാണ്. അയൽപക്കത്തെ ഒരു സ്ത്രീയും പറഞ്ഞു. മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നത് എന്താണ്? മുഖ്യമന്ത്രി റിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് എന്താണ്? മുഖ്യമന്ത്രി റിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ഡോക്ടറെ നിർബന്ധിച്ച് റിപ്പോർട്ട് വാങ്ങി എന്നാണ്. ആ നിർബന്ധിച്ചു വാങ്ങിയ റിപ്പോർട്ടിൽ ഡോക്ടർ പറഞ്ഞിരിക്കുന്നത് പട്ടിണിമരണമെന്ന് confirmed അല്ലെന്നാണ്. പട്ടിണിമരണം അല്ലെന്നല്ല...(ബഹളം)... ഏതായാലും തിരുവനന്തപുരം ജില്ലയിൽ മാത്രമല്ല ഈ പ്രശ്നങ്ങൾ. ഇതുപോലുള്ള പ്രശ്നങ്ങൾ ഗവൺമെന്റ് ലാഘവബുദ്ധിയോടെ എടുത്താൽ കാട്ടാക്കടയും ബോണക്കാടും കേരളത്തിൽ ഇനിയും

LIBRARY ARCHIVES Kerala Legislative Assembly

ആവർത്തിക്കും. ആ എസ്റ്റേറ്റിൽ പട്ടിണിയാണ്. അവിടെ മരിച്ച ലാസറുടെ വീട് മാത്രമല്ല, അവിടെ പതിനൊന്ന് മാസമായി തൊഴിലാളികൾക്ക് പണിയില്ല, കൂലിയില്ല, കുട്ടികളെ സ്കൂളിൽ വിടാൻ പറ്റുന്നില്ല. ആ എസ്റ്റേറ്റ് മുഴുവൻ കൂട്ട പട്ടിണിയാണ്.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : ലാസറിന്റെ രണ്ട് കുട്ടികൾ 500 രൂപ ഫീസ് കൊടുത്ത് കോൺവെന്റിലാണ് പഠിക്കുന്നത്. കഴിഞ്ഞമാസം വരെ 500 രൂപ വീതം കൃത്യമായി കൊടുത്തിട്ടുണ്ട്. നാട്ടിൽ ദാരിദ്ര്യവും പട്ടിണിയും ഇല്ലെയെന്നുള്ള അർത്ഥത്തിലല്ല. ഇത് പട്ടിണിമരണമാണെന്ന് സമർത്ഥിക്കാനുള്ള ശ്രമങ്ങൾ ശരിയല്ലെന്നാണ് ഞാൻ പറഞ്ഞത്. ഇത്തരം പ്രശ്നങ്ങൾ ബോണക്കാട്ടുണ്ടെങ്കിൽ, അതുപോലെ പൊൻമുടിയിലുണ്ടെങ്കിൽ, മത്സ്യമേഖലയിലുണ്ടെങ്കിൽ അവരെയൊക്കെ സഹായിക്കും. അതൊക്കെ ചെയ്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഇതിൽ ഒരു പ്രതിബദ്ധതയോടുകൂടി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണ് ഇത്. ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുന്ന പ്രശ്നങ്ങളിലെല്ലാം അടിയന്തിര നടപടി സ്വീകരിക്കുന്നുണ്ട്. ഇതിലും നടപടി സ്വീകരിക്കും. ഇന്നലെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. കെ. എം. മാണി, ശ്രീ.ആർ. ബാലകൃഷ്ണപിള്ള, ശ്രീ. ടി. എം. ജേക്കബ്, ശ്രീ. ജി. കാർത്തികേയൻ, ശ്രീ. ഉമ്മൻ ചാണ്ടി എന്നിവർ ഒരുമിച്ച് ലാസറിന്റെ വീട് പോയി കണ്ടതാണ്. കാലിത്തൊഴുത്തിന്റെ സൗകര്യംപോലുമില്ലാത്ത ലയങ്ങളിലാണ് താമസിക്കുന്നത്. സത്യത്തിൽ ഈ നൂറ്റാണ്ടിൽ നമ്മുടെ തോട്ടം മേഖലയിലെ തൊഴിലാളികൾ താമസിക്കുന്ന ലയങ്ങൾ ഇത്രമാത്രം സൗകര്യം ഇല്ലാത്തതാണെന്ന് ഇന്നലെയാണ് ഞാൻ കണ്ടത്. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു അങ്ങയുടെ നേതൃത്വത്തിൽ അപ്പുറത്തും ഇപ്പുറത്തുമുള്ള അസംബ്ലി അംഗങ്ങളുടെ ഒരു ടീമിനെ കാട്ടാക്കടയിലേക്കും എസ്റ്റേറ്റിലേക്കും അയയ്ക്കുക. ലാസറിന്റെ വീട്ടിൽ പോകട്ടെ. വസന്തകുമാരിയുടെ വീട്ടിൽ പോകട്ടെ. നാളെ അസംബ്ലിയിൽ ആ ടീമിന്റെ റിപ്പോർട്ട് വയ്ക്കട്ടെ. ചർച്ച ചെയ്യട്ടെ. അങ്ങ് വാർത്താ മാദ്ധ്യമങ്ങളെ കൂടി ക്ഷണിക്കുക. തയ്യാറുണ്ടോ? എസ്റ്റേറ്റിൽ ജീവിച്ചിരിക്കുന്നവർ ചത്തതിന് തുല്യമാണ് ജീവിക്കുന്നത്. പട്ടിണിയില്ലെന്നാണ് നിങ്ങളുടെ ധാരണയെങ്കിൽ ബോണക്കാട് എസ്റ്റേറ്റ് സന്ദർശിക്കുക. പൊൻമുടി എസ്റ്റേറ്റിലേയും സ്ഥിതി അപകടമാണ്. അവിടത്തെ എം.എൽ.എ. ശ്രീ.പിരപ്പൻകോട് മുരളിയാണ്. അവിടെയും നിങ്ങൾ ശ്രദ്ധിച്ചില്ലെങ്കിൽ, പൊൻമുടിയിലും ബോണക്കാട്ടും അതുപോലെ പൂട്ടിക്കിടക്കുന്ന എസ്റ്റേറ്റുകൾ തീര പ്രദേശങ്ങൾ ആദിവാസി മേഖലകൾ തുടങ്ങിയ പല സ്ഥലങ്ങളിലും നിങ്ങൾ അടിയന്തിരമായി ശ്രദ്ധപതിപ്പിക്കുന്നില്ലെങ്കിൽ കേരളത്തിൽ ഇനിയും പട്ടിണി മരണം ആവർത്തിക്കപ്പെടും. അത് ആവർത്തിച്ചു കൂടാ. ഇവിടെ ഉണ്ടായ വസന്തകുമാരിയുടെയും ലാസറിന്റേയും രാജപ്പന്റേയും പട്ടിണിമരണങ്ങൾ ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ അവസാനത്തെ പട്ടിണി മരണങ്ങളായിരിക്കണം. അതല്ലെങ്കിൽ മന്ത്രി പറഞ്ഞതുപോലെ ഇവിടെ പട്ടിണിയില്ല എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ധാരണയെങ്കിൽ പട്ടിണി മരണങ്ങൾ ഇനിയും ആവർത്തിക്കപ്പെടും. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി വർഷകാലത്ത് പണം കൊടുത്ത് റേഷൻ വാങ്ങാൻ നിവൃത്തിയില്ലാത്ത മേഖലയിലെ പാവപ്പെട്ടവർക്ക് സൗജന്യമായി റേഷൻ കൊടുത്ത് അവരെ പട്ടിണി മരണത്തിൽ നിന്നും രക്ഷപ്പെടുത്തണം. ഇവിടെ ഉണ്ടായിരിക്കുന്ന ഈ പ്രശ്നങ്ങളുടെ നിജസ്ഥിതി ബോദ്ധ്യപ്പെടുത്തുവാൻ ഞാൻ അവസാനമായി പറയുന്നു. റവന്യൂമന്ത്രിയുടെ നേതൃത്വത്തിൽ കാട്ടാക്കടയിലേക്കും ബോണക്കാട് എസ്റ്റേറ്റിലേക്കും ഭരണകക്ഷിയിലേയും പ്രതിപക്ഷത്തെയും എം.എൽ.എ.മാർ അടങ്ങുന്ന ഒരു സംഘത്തെ ഇന്ന് തന്നെ അസംബ്ലി പിരിഞ്ഞാലുടൻ അയയ്ക്കണം. അവിടത്തെ റിപ്പോർട്ട് നാളെ അസംബ്ലിയിൽ സമർപ്പിക്കണം. അങ്ങ് അതിന് തയ്യാറാകണം. ഗവൺമെന്റിന്റെ നിലപാട് ഈ കാര്യത്തിൽ നിഷേധാർഹമാണ്. പട്ടിണി മരണം സമ്മതിക്കാൻ തയ്യാറല്ല. ചർച്ചയ്ക്ക് തയ്യാറല്ല. ഈ നിലപാടിൽ പ്രതിക്ഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

(പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്ത് പോയി)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഇതുപോലുള്ള ഒരു പ്രശ്നം നിയമസഭയിൽ വന്നാൽ കുറച്ചുകൂടി ഗൗരവമായ ഒരു ചർച്ച നടക്കണം. വ്യത്യസ്ഥമായ ഒരു സമീപനം എടുക്കണം എന്നുള്ള ഒരു അഭിപ്രായമാണ് ഞാൻ ഇവിടെ പ്രകടിപ്പിക്കുന്നത്. ഈ പ്രശ്നം ഇന്നലെ ചർച്ചക്കിടയിൽ നിയമസഭയിൽ വന്നു. ഇന്ന് അടിയന്തിര പ്രമേയത്തിന്റെ നോട്ടീസ് കിട്ടിയപ്പോൾ അതിനെ സംബന്ധിച്ച് ഈ വിഷയത്തിന്റെ ചർച്ചയിൽ ഇടപെട്ടുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രി സംസാരിച്ചു. ഈ ചർച്ചയെ ഗൗരവമായി എടുത്തുകൊണ്ട് മുഖ്യമന്ത്രി ഇന്റർവീൻ ചെയ്തു. സാങ്കേതികമായ റിപ്പോർട്ടാണെങ്കിലും ശരി ആ റിപ്പോർട്ട് വരുത്തി സഭയിൽ മറുപടി പറഞ്ഞത് നന്നായി. പക്ഷേ ഈ വിഷയം സംബന്ധിച്ച് റവന്യൂമന്ത്രി അല്പം കൂടി ഗൗരവമായി എടുക്കണം എന്നുള്ള അഭിപ്രായമാണ് ഉള്ളത്. നിയമസഭ നടക്കുന്ന സമയമാണെങ്കിലും വളരെ ദൂരമൊന്നുമല്ല സംഭവ സ്ഥലം. അല്പം പ്രയാസപ്പെട്ടാണെങ്കിലും അവിടെ പോയാൽ ഉദ്യോഗസ്ഥൻമാരിൽ നിന്നും കിട്ടുന്നതിനെക്കാൾ ഫസ്റ്റ് ഹാന്റ് നോളജ് അദ്ദേഹത്തിന് ആകാമായിരുന്നു. ഇന്നലെ അദ്ദേഹം അവിടെ പോയിരുന്നെങ്കിൽ ആ പോയതിന്റെയും കണ്ടതിന്റെയും ഒരു റിഫ്ളക്ഷൻ അദ്ദേഹത്തിന്റെ മറുപടിയിൽ ഉണ്ടാകുമായിരുന്നു. ആ റിഫ്ളക്ഷൻ തീരെ ഉണ്ടായിട്ടില്ല. ഇതുപോലുള്ള ഒരു വിഷയത്തിൽ എടുക്കേണ്ട അനുഭാവപൂർവമായ സമീപനമല്ല അദ്ദേഹത്തിന്റേത് എന്ന് തോന്നിപ്പോകും അദ്ദേഹത്തിന്റെ മറുപടി കേട്ടാൽ. ഒന്നാമത് ഈ വിഷയത്തെ സമീപിക്കുമ്പോൾ ചിരിച്ചുകൊണ്ട് മറുപടി പറയാൻ തന്നെ പാടില്ല. ഈ സ്ഥലത്ത് എന്താണ് ഉണ്ടായതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞപ്പോൾ കൂറെക്കൂടി ഗൗരവമായാണ് പറഞ്ഞത്. ഈ സ്ഥലത്ത് എന്താണ് ഉണ്ടായതെന്ന് റവന്യൂ മന്ത്രി ഒന്ന് നോക്കേണ്ടതായിരുന്നു. കാരണം ഞാനും പ്രതിപക്ഷ സംഘത്തിൽ പോയിരുന്നു. കേരളത്തിൽ പട്ടിണി മരണം എങ്ങനെയാണ് ഉണ്ടാകുന്നത്. ആരെങ്കിലും ഭക്ഷണം കൊടുക്കുകയില്ലേയെന്ന് ഞാൻ ആലോചിച്ചു. ആഫ്രിക്കയിൽ ഒക്കെ ഉണ്ടാകുന്നതുപോലെയുള്ള പട്ടിണി മരണം. ഏതോ ദ്വീപിൽ ചെന്നിട്ട് ആളുകൾക്ക് ഭക്ഷണം കിട്ടാതെ, കുടിക്കാൻ വെള്ളം

LIBRARY ARCHIVES Kerala Legislative Assembly

കിട്ടാതെയുള്ള പട്ടിണി മരണമാണ് നമ്മുടെയൊക്കെ ഭാവനയിൽ. പോകുമ്പോൾ എന്റെയും ഭാവനയിൽ അതായിരുന്നു. അവിടെ പച്ചവെള്ളമില്ലേ എടുത്തു കുടിച്ചു കൂടേ ? അയൽപക്കക്കാരില്ലേ എന്തെങ്കിലും കൊടുക്കുകയില്ലേ? ഇതൊക്കെ ഞാൻ ക്രോസ് ചെയ്ത് പല ആളുകളോടും ചോദിച്ചു. പല ആളുകളും പറഞ്ഞതെന്തെന്നാൽ എത്ര ദിവസം അവർ കൊടുക്കും ? വാസ്തവത്തിൽ ഈ സ്ഥലം ഒന്ന് കാണേണ്ടതാണ്. വളരെ അകലെയാണ്. മെയിൻ റോഡിൽ നിന്നും ഏതാണ്ട് മുക്കാൽ മണിക്കൂർ ദൂരം നടക്കാനുണ്ട്. ഈ സ്ഥലത്തു നിന്നും ഒരു സാധനം വാങ്ങാൻ പോകണമെങ്കിൽ വളരെ ദൂരം പോകണം. മാത്രമല്ല നിരന്തരമായി വരുമാനമില്ലാത്ത അവസ്ഥ വന്നാൽ സാധനങ്ങൾ വാങ്ങിച്ചു വയ്ക്കാൻ കഴിയുകയില്ല. അട്ടകളൊക്കെ പെരുകിയിരിക്കുന്ന ഒരു റിമോട്ട് ഏരിയയാണ്. അവിടെ പോയ ഉദ്യോഗസ്ഥൻ മന്ത്രിയെ വല്ലാതെ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. കോൺവെന്റിലാണ് പഠിക്കുന്നതെങ്കിൽ ആരെങ്കിലും സംഭാവന കൊടുത്ത് പഠിക്കുന്നതായിരിക്കും. പക്ഷേ ഇരുട്ടായിട്ടുള്ള ഒരു ലെയിനിലാണ് താമസം. ആ വീട്ടിൽ യാതൊരു വെളിച്ചവുമില്ല. ദാരിദ്ര്യത്തിന്റെ കൂടാരമാണ്. യാതൊരു സംശയവുമില്ല. ഞങ്ങൾ ചെന്നപ്പോൾ അവരെല്ലാവരുംകൂടി ആ വീട്ടിൽ കൊണ്ട് ചെന്നാക്കിയതാണോ എന്നറിയില്ല. അത് നിങ്ങൾ വേറെ അന്വേഷിക്കണം. ദാരിദ്ര്യത്തിന്റെ കൂടാരമാണ് അത്. അതിനകത്ത് കഴിയുന്നവരുടെ കുട്ടികൾ കോൺവെന്റിൽ പഠിക്കുന്നുവെന്നൊക്കെ പറഞ്ഞാൽ അത് മുഖവിലയ്ക്കെടുക്കുന്നില്ല. തെറ്റിദ്ധരിപ്പിച്ചതാണോ അതോ ആരെങ്കിലും സംഭാവന ചെയ്തതാണോ എന്നറിയില്ല. പക്ഷേ ഇപ്പോൾ അവിടത്തെ കുട്ടികൾക്ക് സ്കൂളിൽ പോകാൻ നിർവാഹമില്ല എന്നാണ് പറയുന്നത്. പിന്നെ പട്ടിണി മരണം കേരളത്തിൽ ഉണ്ടെന്ന് പറഞ്ഞ് രാഷ്ട്രീയ പ്രചരണം ഒട്ടാകെ നടത്താനൊന്നും ആയിട്ടില്ല. അത് ഞാൻ സമ്മതിക്കുന്നു. എന്നാൽ ഡവലപ് ചെയ്തു വരുന്ന ഒരു സ്ഥിതിയുണ്ട്. അത് നമ്മൾ മനസ്സിലാക്കണം. അല്ലെങ്കിൽ തന്നെ ഇവിടെ ആളോഹരി വരുമാനം കുറവാണ്. ആളോഹരി വരുമാനം പിന്നെയും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. നാല് തെങ്ങുണ്ടായിരുന്നെങ്കിൽ പട്ടിണി കൂടാതെ കഴിയാമായിരുന്നു എന്ന സ്ഥിതിയുണ്ടായിരുന്നു. ഇപ്പോൾ രണ്ടര രൂപ വരെയാണ് തേങ്ങ വില. ഒരു സാധനം വിറ്റിട്ട് വേറൊരു സാധനം വാങ്ങാൻ കഴിയാത്ത സ്ഥിതിയുണ്ട്. അതു പോലെ റിമോട്ട് ഏരിയയും. പിന്നെ എങ്ങനെ ആളുകൾ സാധനം വാങ്ങും ? എവിടെ നിന്ന് വാങ്ങും ? വാങ്ങി സൂക്ഷിക്കാനുള്ള സാമ്പത്തിക സ്ഥിതി അവർക്കില്ല. അവിടെ പോയി കണ്ടാലേ അത് മനസ്സിലാകൂ.... പണിയില്ല, പണിക്കൂലി കിട്ടുന്നില്ല. ആഫ്രിക്കയിലെ പോലെ ഭക്ഷണം കഴിക്കാതെ എല്ലും തോലുമായി ശുഷ്ക്കിച്ച് പോകുന്ന ഭാവനയാണ് നമ്മുടെ മനസ്സിൽ. ആ സ്ഥിതി വന്നെത്തിയിട്ടില്ല. എന്നാൽ വേറൊരു സ്ഥിതിയിൽ അവർ എത്തിയിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന തോട്ടം തൊഴിലാളികൾക്ക് കൂലി കിട്ടുന്നില്ല. അടുത്തെങ്ങും സാധനങ്ങൾ വാങ്ങാനില്ല. മാനവും മര്യാദയുമുള്ള ആളുകൾ പുറത്ത് പറയുന്നില്ല. നാല് ദിവസം അയൽക്കാർ സഹായിക്കും. അങ്ങനെയുള്ള സ്ഥലത്ത് മാൽന്യൂട്രീഷൻ ഉണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

നിരന്തരമായി ഭക്ഷണം കഴിക്കാതെ ഇങ്ങനെ പോയാൽ, ഇന്നലെ ഞങ്ങൾ മടങ്ങുന്ന വഴിയിൽ ഒരു സംഘം അമ്മമാരും ആളുകളും എല്ലാംകൂടി കൂടിയിട്ട് ഞങ്ങളുടെ മുമ്പിൽ വന്നുനിന്നു. ഒരു പെൺകുട്ടിയെ ഉന്തി മുമ്പിലാക്കിയിട്ടു പറഞ്ഞു ഇതിന് ടി. ബി. യാണ്. പട്ടിണിയും രോഗവും അങ്ങനെ സാങ്കേതികമായിട്ട് വേർതിരിക്കുന്നത് ശരിയല്ല. ഇതിന് ടി.ബി.യാണ്. എന്നു പറഞ്ഞ് അതിനെ ഞങ്ങളുടെ മുമ്പിലേക്കാക്കി. ഞാൻ ഒരു അഞ്ച് മിനിട്ട് അതിന്റെ മുഖത്തേയ്ക്ക് നോക്കി. ഭക്ഷണം കഴിക്കാത്തതുകൊണ്ടുള്ള വിളർച്ച പ്രകടമാണ്. ടി.ബി. എന്നുപറഞ്ഞ് സുഖക്കേടിന് മരുന്നിലേറെ ഭക്ഷണമാണ് വേണ്ടത്. നല്ല വണ്ണം ഭക്ഷണം കഴിക്കണം. ഇവർ എവിടുന്നാ നല്ലവണ്ണം ഭക്ഷണം കഴിക്കുന്നത്. ആ പെൺകുട്ടിക്ക് വല്ലതും സംഭവിച്ചുകഴിഞ്ഞിട്ടുണ്ട് എങ്കിൽ എന്താ നമ്മൾ പറയുക, ടി.ബി. കൊണ്ട് മരിച്ച് എന്ന്. പട്ടിണിയാണ് അതിലേക്ക് നയിക്കുന്നത്. അപ്പോൾ ഇങ്ങനെ പട്ടിണിയേയും രോഗത്തെയും വല്ലാതെ വേർതിരിക്കാൻ കഴിയില്ല. ഇത് കുറച്ചുകൂടി ഗൗരവമായി എടുത്ത് അങ്ങ് പോയി കണ്ട് മനസ്സിലാക്കേണ്ടതായിരുന്നു. ഈ ആളുകൾക്ക് പട്ടിണിയുണ്ട്, നിരന്തരമായി വരുമാനം ഇല്ല, അടുത്തൊന്നും സാധനം വാങ്ങാനില്ല. നിരന്തരമായി ഇങ്ങനെ ദാരിദ്ര്യം വന്നുകഴിഞ്ഞിട്ടുണ്ട് എങ്കിൽ അത് പട്ടിണി രോഗത്തിലേക്ക് നയിക്കും. ഏത് പട്ടിണിക്കാരനും അവസാനം മരിക്കുന്നത് എന്തെങ്കിലും ഒന്ന് സംഭവിച്ചിട്ട് തന്നെയാണ്. ഒന്നുകിൽ ഹാർട്ട് നിൽക്കും, അല്ലെങ്കിൽ കിഡ്നി നിൽക്കും, പട്ടിണികൊണ്ട് മരിക്കുക എന്നു പറഞ്ഞാൽ അങ്ങനെതന്നെയാ. അല്ലാതെ പട്ടിണികൊണ്ട് ഇങ്ങനെ ഒരു grinding halt ഒറ്റയടിക്ക് സ്റ്റോപ്പ് ആകുകയല്ലല്ലോ. അങ്ങനെയല്ലല്ലോ. അതുകൊണ്ട് ഈ ഉദ്യോഗസ്ഥൻമാർ പറയുന്നത് തന്നെ മുഖവിലയ്ക്ക് എടുത്ത് ഈ വക വിഷയങ്ങൾ നിയമസഭയിൽ പറഞ്ഞത് ശരിയായില്ല എന്നാണ് എന്റെ അഭിപ്രായം. അങ്ങ് അവിടെ പോകേണ്ടതായിരുന്നു. അങ്ങ് അവിടെ പോയിട്ട് ഒരു first hand knowledge ഉണ്ടായിരുന്നു എങ്കിൽ ഇന്നത്തെ മറുപടി, ഒരുപക്ഷെ രാഷ്ട്രീയമായി പ്രചരണം നടത്തും എന്നുള്ള ഭയമായിരുന്നു എങ്കിൽ, വേറൊരു രീതിയിൽ മറുപടി പറയാമായിരുന്നു. അവിടത്തേത് ഒരു പ്രത്യേക കേസാണ് എന്നുള്ള നിലയിൽ അങ്ങേക്ക് മറുപടി പറയാമായിരുന്നു. ആ മറുപടി പറയുന്നതിന് പകരം ഇങ്ങനെ ഒരു ടെക്നിക്കൽ സ്റ്റാന്റ് എടുത്തത് ശരിയായില്ല എന്നുള്ളത് ഞാൻ അങ്ങയോട് പറയുകയാണ്. ഈ വിഷയം വളരെ ഗൗരവമുള്ളതാണ്. ഗൗരവതരമായ ഒരു ചർച്ച ഇവിടെ നടക്കേണ്ടതായിരുന്നു, ആ ചർച്ച നടക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. കെ. എം. മാണി: സർ, ഞങ്ങൾ ഇന്നലെ ആ പ്രദേശത്ത്, ബോണക്കാട് എസ്റ്റേറ്റിൽ പോയിരുന്നു. വാസ്തവത്തിൽ എനിക്ക് നടക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്നു. ഒരു കിലോമീറ്ററോളം മല ഇറങ്ങി നടന്ന് ഞങ്ങൾ ബോണക്കാട് രാജപ്പന്റെ വീട്ടിൽ ചെന്നു. രാജപ്പന്റെ ഭാര്യ പറയുന്നതല്ലേ

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾക്ക് കേൾക്കാൻ കഴിയൂ. ഭാര്യ പറയുന്നു ഞങ്ങൾ കഞ്ഞിവെള്ളം കുടിച്ചിട്ട് ദിവസങ്ങളായി, എന്റെ ഭർത്താവ് മരിച്ചത് പട്ടിണി കിടന്നാണ് എന്ന് രാജപ്പന്റെ ഭാര്യ പറഞ്ഞാൽ ഞങ്ങൾക്കതല്ലാതെ വിശ്വസിക്കാൻ കഴിയുമോ. ഞാൻ ഇത് പറയുന്നത് ഞങ്ങളെ പുച്ഛിക്കരുത്, ജനങ്ങളോട് ഉത്തരവാദിത്വമുള്ള പ്രതിപക്ഷ നേതാക്കൾ ഒരുമിച്ച് സ്ഥലത്ത് പോയി. ഞങ്ങൾ മല കേറി ഇറങ്ങി ആ സ്ഥലത്ത് പോയി നേരിട്ട് കണ്ടതും, കേട്ടതും ഈ നിയമസഭയിൽ റിപ്പോർട്ട് ചെയ്യുമ്പോൾ ആ പ്രദേശം സന്ദർശിക്കാതെ മന്ത്രിയും ഗവൺമെന്റും ഇരുന്നുകൊണ്ട് ഞങ്ങൾ പറയുന്നത് ശരിയല്ല എന്നു പറഞ്ഞാൽ ഏത് വിശ്വസിക്കണം. ദൃക്സാക്ഷിയെയാണോ വിശ്വസിക്കേണ്ടത്, അതോ കാണാത്തതാണോ വിശ്വസിക്കേണ്ടത് ? നിങ്ങൾ എന്തിന്റെ അടിസ്ഥാനത്തിൽ പട്ടിണി മരണം അല്ല എന്നുപറയുന്നു ? ബഹുമാനപ്പെട്ട ശ്രീ. എ. കെ. ആന്റണി ഇന്നലെ സിവിൽ സപ്ലൈസിനെക്കുറിച്ചുള്ള ചോദ്യോത്തരവേളയിൽ പട്ടിണി മരണത്തെപ്പറ്റി ചോദിച്ചപ്പോൾ എന്തായിരുന്നു ശ്രീ. ചന്ദ്രശേഖരൻ നായർ പറഞ്ഞത്. പട്ടിണിമരണം അല്ല എന്ന് നിഷേധിച്ചില്ല. ശ്രീ. ചന്ദ്രശേഖരൻ നായർ വളരെ മാന്യമായിട്ട് പറഞ്ഞു ശരിയാണ്, അങ്ങനെ നിർഭാഗ്യകരമായ ഒരു സംഭവം ഉണ്ടായി, ഞങ്ങൾ അന്വേഷിക്കാം വേണ്ടത് ചെയ്യാം. ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രി ശ്രീ. ഇസ്മയിൽ പ്രതികരിച്ചില്ല. ആവശ്യമായ നടപികൾ സ്വീകരിക്കാം എന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട കണാരൻ പറയുന്നു ജില്ലയിലെ പട്ടിണി മരണം ഇനി ആവർത്തിക്കാതിരിക്കാൻ നടപടി എടുക്കണം. അല്ലാതെ പത്ര റിപ്പോർട്ടല്ല, തിരുവനന്തപുരം ജില്ലയിലെ പട്ടിണിമരണം ഇനി രാജ്യത്ത് ആവർത്തിക്കാതിരിക്കാനുള്ള നടപടികളെപ്പറ്റി അദ്ദേഹം ചോദിക്കുന്നു. സബ്മിഷൻ കൊടുക്കുന്നു. ഇത്രയൊക്കെയായിട്ട് ഞങ്ങൾ അവിടെപ്പോയി തിരിച്ചുവന്നുകഴിഞ്ഞപ്പോൾ ഇന്ന് നിങ്ങൾ പട്ടിണിമരണമല്ല, പട്ടിണികൊണ്ടല്ല അത് ഉണ്ടായത് എന്നുപറയുന്നത് വളരെ ആക്ഷേപകരമായ ഒരു കാര്യമാണ്. ഒരിക്കലും നിങ്ങൾ ഇത് ചെയ്യാൻ പാടില്ല. നിങ്ങൾ വാസ്തവത്തിൽ റോമാ നഗരം വെന്തെരിയുമ്പോൾ നീറോ ചക്രവർത്തി വീണ വായിച്ചതുപോലെ പട്ടിണിമരണം സംസ്ഥാനത്ത് നടക്കുമ്പോൾ, പട്ടിണികൊണ്ട് മൂന്ന് ആളുകൾ മരിച്ചപ്പോൾ, പട്ടിണികൊണ്ടല്ല മരിച്ചത് എന്ന് നിങ്ങൾ വസ്തുതയെ ഇല്ലാതെയാക്കാൻ വേണ്ടി നടത്തുന്ന ഈ പ്രസ്താവന വളരെ മോശമായിപ്പോയി എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയിൽ നിന്ന് ഇങ്ങനെ ഒരു പ്രസ്താവന ഉണ്ടാകരുതായിരുന്നു. അങ്ങ് പറഞ്ഞു അറിയിച്ചാൽ 24 മണിക്കൂറിനകം ഞങ്ങൾ നടപടി സ്വീകരിക്കുമായിരുന്നു എന്ന്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കട്ടെ, പത്രങ്ങൾ ഇത് റിപ്പോർട്ട ചെയ്തിട്ട് കുറെ ദിവസങ്ങളായി, മാതൃഭൂമിയിലും മനോരമയിലും ജൂൺ 17-ാം തീയതി പൂർണ്ണമായി റിപ്പോർട്ട് വന്നു. 17-ാം തീയതി നിങ്ങൾ പോയില്ല, 18-ാം തീയതിയും നിങ്ങൾ പോയില്ല. 19-ാം തീയതി ഇന്നലെ ഞങ്ങൾ ഇത് നിയമസഭയിൽ പറഞ്ഞതിനു ശേഷം പ്രതിപക്ഷ നേതാക്കൻമാർ അവിടെ സന്ദർശിച്ച സന്ദർഭത്തിൽ ഞങ്ങൾ പോയി മടങ്ങുമ്പോൾ കളക്ടർ വന്നു. നിങ്ങൾക്ക് ഇതു വരെ അവിടെ പോകാൻ കഴിഞ്ഞില്ല. അപ്പോൾ ആ റീസൺ പത്രങ്ങൾ റിപ്പോർട്ട് ചെയ്തത് കള്ളത്തരമല്ല. ഞാൻ മാതൃഭൂമി പത്രത്തിലെ ഒരു വാചകം വായിക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അങ്ങേയ്ക്ക് ഇതറിയാൻ സാധിക്കും. ഞാൻ മാതൃഭൂമി വായിക്കുകയാണ്, "മുഴുപ്പട്ടിണിയാണ്, മാനാഭിമാനം കരുതിയാ വെളിയിൽ പറയാത്തത്". അമ്മയുടെ മരണവും പട്ടിണിയും തളർത്തിയ വസന്തകുമാരിയുടെ മകൾ മഞ്ജുഷ വിതുമ്പി. വസന്തകുമാരിയുടെ മകൾ മഞ്ജുഷ പറഞ്ഞതാണ് പത്രം റിപ്പോർട്ട് ചെയ്തത്. ഇത് ഞാൻ മാതൃഭൂമി വായിച്ചതാണ്, ഒരാഴ്ചയായി മുഴു പട്ടിണിയിലായിരുന്നു എന്ന് ഏക മകൾ പറയുന്നു. ശ്രീ. എ. കെ. ആന്റണി പറയുന്നതല്ല, ശ്രീ. കെ. എം. മാണി പറഞ്ഞതല്ല മരിച്ച വസന്തകുമാരിയുടെ മകൾ, മഞ്ജുഷയുടെ പ്രതികരണം പത്രത്തിൽ റിപ്പോർട്ട് ചെയ്തിട്ട് ഈ ഗവൺമെന്റിന്റെ നിസ്സംഗത ഒരു മന്ത്രിയെങ്കിലും ആ സ്ഥലം സന്ദർശിക്കാതെ, അവരുടെ ദു:ഖത്തിൽ പങ്കുചേരാതെ ഇന്ന് ഈ മന്ത്രിക്കസേരയിൽ ഇരുന്നുകൊണ്ട് ഇതിനെയൊക്കെ പുച്ഛിച്ച് പട്ടിണിമരണം ഉണ്ടായിട്ടില്ല എന്നു പറയുന്നത് കാണുമ്പോൾ നിങ്ങളുടെ നടപടിയെ സംബന്ധിച്ചടത്തോളം ലജ്ജ തോന്നിപ്പോകുകയാണ്. ഇത് ആവർത്തിക്കാൻ പാടില്ല. ഇത് മാത്രമാണോ വാദിയെ പ്രതിയാക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് പട്ടിണി നിങ്ങൾ മുൻപേ ഞങ്ങളെ അറിയിച്ചിരുന്നു എങ്കിൽ ഞങ്ങൾ നടപടി സ്വീകരിക്കുമായിരുന്നു എന്നാണ്. പട്ടിണിമരണത്തെപ്പറ്റി എങ്ങനെയാ ഞങ്ങൾ മുൻകൂട്ടി ഗവൺമെന്റിനെ അറിയിക്കുന്നത്. ബോണക്കാട് എസ്റ്റേറ്റിലെ പട്ടിണി മരണത്തെപ്പറ്റി പ്രതിപക്ഷം മുൻകൂട്ടി അറിയിച്ചില്ല, എത്ര നാണക്കേട് എന്നു മാത്രമേ നിങ്ങളെപ്പറ്റി എനിക്ക് പറയുവാനുള്ളൂ. രാജ്യത്തോട് ഉത്തരവാദിത്വമില്ലാത്ത, ജനങ്ങളോട് ഉത്തരവാദിത്വമില്ലാത്ത ജനങ്ങളുടെ പ്രശ്നത്തിൽ യാതൊരു അനുകമ്പയുമില്ലാത്ത ഈ ഗവൺമെന്റ്, ഈ മന്ത്രിമാർ നിങ്ങൾ മന്ത്രിക്കസേരയിൽ ഇരിക്കുക മാത്രമേയുള്ളൂ. പട്ടിണിമരണം ഇല്ല എന്ന സത്യത്തിന് വിരുദ്ധമായി പ്രസ്താവന ഇറക്കുക, ഈ നിലയിൽ കേരളത്തിലെ ജനങ്ങളുടെ മുഖത്ത് നിങ്ങൾ കരിതേയ്ക്കരുത്. കേരളത്തിലെ ജനങ്ങളെ നിങ്ങൾ ആക്ഷേപിക്കരുത്. നിങ്ങൾ ആടിനെ പട്ടിയാക്കരുത്, നിങ്ങൾ സത്യത്തെ വികൃതമാക്കരുത്. അതുകൊണ്ട് ഗവൺമെന്റിന്റെ ഈ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്ത് പോയി)

പ്രൊഫ. എ. വി. താമരാക്ഷൻ: സർ, മൂന്ന് തൊഴിലാളികൾ പട്ടിണി കിടന്ന് മരിച്ച അത്യന്തം ഗുരുതരമായ ഒരു പ്രശ്നമാണ് ഈ സഭയിൽ അടിയന്തിര പ്രമേയമായി ശ്രീ. ജി. കാർത്തികേയൻ ഉന്നയിച്ചത്. ആ പ്രശ്നത്തിന് ഇത്രയും ലാഘവത്തോടുകൂടിയ ഒരു മറുപടി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയിൽ നിന്നും ഉണ്ടാകും എന്ന് ഞാൻ പ്രതീക്ഷിച്ചില്ല. ഈ തലസ്ഥാനത്ത് മൂന്ന് തൊഴിലാളികൾ പട്ടിണികിടന്ന് മരിച്ചത് സംബന്ധിച്ച് പത്രവാർത്ത വന്നിട്ട്, പാവപ്പെട്ടവന്റെ ശമ്പളം വാങ്ങിക്കുന്ന 14 മന്ത്രിമാർ ഈ സംസ്ഥാനത്ത് ഉണ്ടായിട്ട് ഒരു മന്ത്രി പോലും ആ സംഭവസ്ഥലത്ത് പോയി നോക്കാനോ, ഒന്നന്വേഷിക്കാനോ തയ്യാറായില്ല. ഏതെങ്കിലും ഒരു മന്ത്രി, മുഖ്യമന്ത്രിക്ക് അവിടെ

LIBRARY ARCHIVES Kerala Legislative Assembly

പോകാനും പാടില്ല അത്രയേറെ പ്രയാസമുള്ള ഒരു പ്രദേശമാണവിടം. വേറെ എത്രയോ മന്ത്രിമാരുണ്ട്. തൊഴിലാളി വർഗ്ഗത്തിന്റെ ഗവൺമെന്റാണ് കേരളം ഭരിക്കുന്നത്. 14 മന്ത്രിമാരുണ്ടായിട്ട് മൂന്ന് തൊഴിലാളികൾ പട്ടിണി കിടന്ന് മരിച്ചു എന്ന് പത്ര വാർത്ത വന്നിട്ട് അതിന്റെ സത്യാവസ്ഥ എന്താണെന്ന് അന്വേഷിക്കാൻ, അവിടെ നേരിൽപ്പോയി കാര്യങ്ങൾ മനസ്സിലാക്കാൻ ഒരു മന്ത്രിയും തയ്യാറായില്ല എന്നുള്ളത് അത്യന്തം ലജ്ജാകരമാണെന്ന് പറയാൻ ആഗ്രഹിക്കുന്നു. ആറ് മാസത്തിനുമുൻപ് അപ്പുറത്തിരുന്നുകൊണ്ട് ഞാൻ സംസാരിച്ചതാണ് കേരളത്തെ ക്ഷാമബാധിത പ്രദേശമായി പ്രഖ്യാപിക്കണമെന്ന്. ബഹുമാനപ്പെട്ട ഭക്ഷ്യമന്ത്രി ഇവിടെ ഇരുപ്പുണ്ടല്ലോ, ഭക്ഷ്യമന്ത്രിയുടെ കൈയിൽ വ്യക്തമായ കണക്കുണ്ട്. 32 കിന്റൽ റേഷൻ പോകുന്ന റേഷൻ കടകളിൽ 2 കിന്റൽ പോലും പോകുന്നില്ല. ആളുകളിൽ ക്രയശേഷിയില്ല. അതുമാത്രമല്ല, തീരപ്രദേശങ്ങളിൽ കൊടും പട്ടിണി. അതുപോലെതന്നെ ആദിവാസി കേന്ദ്രങ്ങളിൽ, പട്ടികജാതി - പട്ടികവർഗ്ഗ പ്രദേശങ്ങളിൽ അവർക്ക് തൊഴിലില്ല. റേഷൻ വാങ്ങിക്കാനുള്ള ശേഷി ഇല്ലാത്തതുകൊണ്ട് സാധാരണപ്പെട്ടവർ വാങ്ങിക്കുന്നില്ല. ഞാൻ ഇടുക്കി ജില്ലയിൽ പോയി, ഇടുക്കി ജില്ലയിൽ പോയപ്പോൾ 32 കിന്റൽ റേഷൻ പോകുന്ന കടയിൽ 2 കിന്റൽ പോലും വാങ്ങിക്കുന്നില്ല. ആളുകളുടെ കൈയിൽ പൈസയില്ല. നിങ്ങൾക്ക് ഈ സംസ്ഥാനത്തെ സാധാരണക്കാരുടെ പ്രയാസങ്ങൾ അറിയില്ല. പാവപ്പെട്ടവരുടെ പ്രയാസങ്ങൾ അറിയില്ല. ഏത് മേഖലയിലാണ് പണിയുള്ളത്, കയർ മേഖലയിൽ പ്രതിസന്ധി, മൽസ്യത്തൊഴിലാളി മേഖലയിൽ പ്രതിസന്ധി. സാധാരണക്കാരൻ വിഷമിക്കുകയാണ്. സർ, ഇന്നലെ അവിടെ ചെന്നപ്പോൾ, അഞ്ഞൂറിൽപ്പരം തൊഴിലാളികൾ പണിയെടുക്കുന്ന എസ്റ്റേറ്റാണ് സാർ, ഈ ബോണക്കാട് എസ്റ്റേറ്റ്. പതിനൊന്ന് മാസമായിട്ട് ആ തൊഴിലാളികൾക്ക്കൂലിയില്ല. ഇവിടെ ഒരു ലേബർ ഡിപ്പാർട്ടുമെന്റ് ഉണ്ടോ സർ? ഈ സംസ്ഥാനത്ത് ഒരു ലേബർ ഡിപ്പാർട്ട്മെന്റ് ഉണ്ടോ? എറണാകുളത്ത് പോയി ആ തൊഴിലാളികൾ നാൽപത്തിയഞ്ച് ദിവസം സമരം ചെയ്തു, നൂറു കണക്കിന് പരാതികൾ കൊടുത്തു ഈ ലേബർ ഡിപ്പാർമെന്റിന്, ഇവിടെ ലേബർ ഡിപ്പാർട്ടുമെന്റ് ഉണ്ട്, എന്തിനാണ് ഈ ലേബർ ഡിപ്പാർട്ട്മെന്റ് ? നിയമമനുസരിച്ച് ഒരു മാനേജ്മെന്റിനെ പ്രോസ്ക്യൂട്ട് ചെയ്യുവാൻ അവകാശമില്ലേ, എന്തിനാണ് ഈ ലേബർ ഡിപ്പാർട്ട്മെന്റ്, ആ അഞ്ഞൂറിൽപ്പരം തൊഴിലാളികൾക്ക് വേറെ ഒരു ഇൻകമില്ല, അവിടെ പോയി ഒന്നു കാണണം. ഒരൊറ്റ വരുമാനമാർഗ്ഗമില്ല.അഞ്ഞൂറിൽപ്പരം തൊഴിലാളികൾ ആ എസ്റ്റേറ്റിനെ മാത്രം ആശ്രയിച്ചു കഴിയുന്നു. വേറൊരു വരുമാന മാർഗ്ഗവും അവർക്കില്ല. പതിനൊന്നു മാസമായി അവർക്ക് കൂലി കിട്ടുന്നില്ലെങ്കിൽ അവർ എങ്ങനെ ജീവിക്കും സാർ, എല്ലാ വീട്ടിലും പട്ടിണി, ഞങ്ങൾ അവിടെ ചെല്ലുമ്പോൾ പ്രസവിച്ച് അഞ്ചു ദിവസം മാത്രമായ ഒരു സ്ത്രീ, ഒന്ന് ആലോചിച്ച് നോക്കണം സാർ, ഹൃദയഭേദകമാണ്, അവർ പ്രസവിച്ചിട്ട് അഞ്ച് ദിവസമേ ആകുന്നുള്ളൂ. അഞ്ചു ദിവസമായി അവർ വെള്ളം കുടിച്ചിട്ടില്ല. നിങ്ങൾക്ക് സാധാരണക്കാരുടെ വിഷമം അറിയത്തില്ല. ഞാൻ ശ്രീ. കണാരനെ സമ്മതിക്കുന്നു. ഇന്ന് യഥാർത്ഥത്തിൽ ഒരു കമ്മ്യൂണിസ്റ്റുകാരനായി ശ്രീ. കണാരൻ മാത്രമേയുള്ളൂ. അവിടെയുള്ള മറ്റാരെയും ഞാൻ കമ്മ്യൂണിസ്റ്റുകാരായി

LIBRARY ARCHIVES Kerala Legislative Assembly

കാണുന്നില്ല. വളരെ ഗുരുതരമായ അവസ്ഥാവിശേഷമാണ് നിലനിൽക്കുന്നത്. ഇത്രയും ഗുരുതരമായ സ്ഥിതിവിശേഷം അത് വളരെ ലാഘവത്തോടുകൂടി കാണാനുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചത്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് പ്രയാസപ്പെടുന്ന എല്ലാ ജനവിഭാഗത്തിനും, തീരപ്രദേശങ്ങളിൽ, ആദിവാസി പ്രദേശങ്ങളിൽ, കയർ മേഖലയിൽ അത്തരം പ്രയാസപ്പെടുന്ന എല്ലാ ജനങ്ങൾക്കും അടിയന്തിര സംരക്ഷണം നൽകാനുള്ള ഗവൺമെന്റ് അത്തരം ഒരു നടപടി സ്വീകരിക്കുന്നതിന് പകരം ഇവിടെ പട്ടിണിയില്ല, പട്ടിണി മരണവുമില്ല എന്നു പറഞ്ഞുകൊണ്ട് വളരെ ലാഘവത്തോടുകൂടി പോകുന്ന ഈ ഗവൺമെന്റിന്റെ നിഷേധാത്മകമായ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(പ്രൊഫ. എ. വി. താമരാക്ഷനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി)

ശ്രീ. ജോണി നെല്ലൂർ: സർ, ഗൗരവമുള്ള ഒരു വിഷയത്തിൽ മനഃസ്സാക്ഷിയുള്ള ആർക്കും ദു:ഖത്തോടുകൂടിയല്ലാതെ ആ വിഷയത്തെ കാണാനാകില്ല. റവന്യൂ മന്ത്രി നന്നായി ചിരിക്കുന്ന ആളാണ്. പക്ഷെ, മൂന്നു പാവപ്പെട്ട തൊഴിലാളികൾ മരിച്ച കാര്യം പറയുമ്പോൾ പോലും അദ്ദേഹം പൊട്ടിച്ചിരിക്കുന്നു. മനസ്സാക്ഷിയുള്ള ഒരാളിന് കഴിയുമോ സർ ? ഇവിടെ പ്രതിപക്ഷനേതാവ് അടക്കം പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. ഈ ഗവൺമെന്റിനെ സംബന്ധിച്ചാണെങ്കിൽ അതിന് കണ്ണില്ല, മൂക്കില്ല, കാതില്ല, കണ്ണുണ്ടെങ്കിൽ കാണാം, കാതുണ്ടെങ്കിൽ കേൾക്കാം, മൂക്കുണ്ടെങ്കിൽ മണത്തറിയാം. അത് മൂന്നും ഇല്ലാത്ത ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ്. ഇവിടെ മൂന്ന് പാവപ്പെട്ട തൊഴിലാളികളുടെ മരണം മുഖ്യമന്ത്രി വായിച്ചില്ലേ, മെഡിക്കൽ സർട്ടിഫിക്കറ്റ്, ആ മെഡിക്കൽ സർട്ടിഫിക്കറ്റിലെ വാചകങ്ങളെക്കുറിച്ച് ഞാൻ പറയുന്നില്ല. സർ, മുഖ്യമന്ത്രിക്ക് ആരോഗ്യമില്ല, ഞങ്ങൾ അംഗീകരിക്കുന്നു. റവന്യൂ മന്ത്രി നല്ല ഉർജ്ജസ്വലനാണല്ലോ. മുപ്പത് കിലോമീറ്റർ അകലെ അങ്ങേയ്ക്ക് ഒന്നു പോകാൻ കഴിഞ്ഞില്ലല്ലോ ? വേണ്ട, അങ്ങയുടെ പാർട്ടിയിലെ ഏതെങ്കിലും ഒരു എം.എൽ.എ.യെ പറഞ്ഞയയ്ക്കാൻ കഴിഞ്ഞോ ? ഒരാളെപ്പോലും പറഞ്ഞയയ്ക്കാൻകഴിഞ്ഞോ ? എല്ലാം കഴിഞ്ഞ് പ്രതിപക്ഷനേതാക്കൾ അവിടെ ചെന്ന് ജനങ്ങളെ ആശ്വസിപ്പിച്ച് അവരെ സഹായിക്കാമെന്ന് വാഗ്ദാനം ചെയ്ത് സഹായഹസ്തം നീട്ടി സഹായിച്ച ശേഷം മടങ്ങിവന്നപ്പോൾ ജില്ലാകളക്ടറെ അതിന് പുറകെ അയച്ചിരിക്കുന്നു. അതിനുമുൻപ് ഒരു വില്ലേജാഫീസറെ അയയ്ക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ ? പട്ടിണികൊണ്ട് മരിച്ച ആ പാവപ്പെട്ട തൊഴിലാളികളുടെ വീട്ടിൽപ്പോയി ഒരു വില്ലേജാഫീസറെ കൊണ്ടുപോലും അന്വേഷിപ്പിക്കാൻ കഴിയാത്ത ഒരു ഗവൺമെന്റ്. എന്താ പറഞ്ഞത് ? ഇത് തിരുവനന്തപുരം ജില്ലയിലെ ഒറ്റപ്പെട്ട കാര്യമല്ല. കടലോര മേഖലകളിൽ, തീര പ്രദേശങ്ങളിൽ ഇന്ന് പട്ടിണിയാണ്, ഓരോ കടലോര മേഖലയിലേയും തൊഴിലാളികളുടെ വീട്ടിൽ മുഴുപ്പട്ടിണിയാണ്. ഈ സാഹചര്യത്തിൽ ഈ പട്ടിണിയെ സംബന്ധിച്ച് പറയുമ്പോൾ പട്ടിണി കേരളത്തിലില്ല എന്ന് പറഞ്ഞ് നിഷേധാത്മകമായ നിലപാട് സ്വീകരിക്കുന്ന ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ഈ കേരളത്തിലെ ജനങ്ങളോട് കാട്ടുന്ന വഞ്ചനയാണ്, ഇത് അംഗീകരിക്കുവാൻ കഴിയുകയില്ല. അതുകൊണ്ട് അടിയന്തിരമായി പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടതുപോലെ ഈ ഗവൺമെന്റിന് കണ്ണുണ്ടെങ്കിൽ, കാതുണ്ടെങ്കിൽ, മൂക്കുണ്ടെങ്കിൽ ചെയ്യേണ്ടത് ഇനിയും വൈകാതെ ഈ നിയമ സഭയിലെ ഒരു സർവ്വകക്ഷി സംഘത്തെ അങ്ങോട്ടയച്ച് ആ പാവങ്ങളെ കണ്ട് അവിടത്തെ സ്ഥിതിയെന്താണെന്ന് മനസ്സിലാക്കി ഈ നിയമസഭയിൽ റിപ്പോർട്ട് വയ്ക്കണം. അതിന് ഒന്നും തയ്യാറാകാതെ കേവലം ഹാസ്യമായി ചിരിച്ചുകൊണ്ട് മൂന്ന് പാവപ്പെട്ട തൊഴിലാളികളുടെ മരണത്തെ പരിഹസിച്ച ഈ റവന്യൂ മന്ത്രി യുടെയും ഗവൺമെന്റിന്റേയും നിഷേധാത്മകമായ നിലപാടിൽ പ്രതിഷേധിച്ചു കൊണ്ട് ഞാനും ഈ വാക്കൗട്ടിൽ പങ്ക് ചേരുന്നു.

(ശ്രീ. ജോണി നെല്ലൂരും സഭവിട്ട് പുറത്തുപോയി)

(ബഹളം).....

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സാർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ഇന്നലെ ഈ സഭയുടെ അന്തസ്സിന് ചേരാത്ത ചില പ്രവർത്തനങ്ങൾ പ്രതിപക്ഷത്തിരിക്കുന്ന ചില മെമ്പർമാർ കാണിക്കുകയുണ്ടായി. ഞാൻ പോയിന്റ് ഓഫ് ഓർഡർ അനുവദിച്ചതിന്റെ അടിസ്ഥാനത്തിലാണ് സംസാരിക്കുന്നത്. ചെങ്ങന്നൂർ മെമ്പർ ശ്രീമതി ശോഭനാജോർജ്ജ് ഡയസിൽ കയറി സ്പീക്കറെ കൈയേറ്റം ചെയ്യാനും വനിതാജീവനക്കാരെകൈയ്യേറ്റം ചെയ്യാനും ശ്രമം നടക്കുകയുണ്ടായി. അതിനെ തടഞ്ഞ വനിതാജീവനക്കാരെ കയ്യേറ്റം ചെയ്യാൻ ശോഭനാജോർജ്ജ് സഹായികളായി ശ്രീ. പാലോട് രവി, ശ്രീ. തമ്പാനൂർ രവി, ശ്രീ. ആര്യാടൻ മുഹമ്മദ്, തുടങ്ങിയ ആൾക്കാരും കൂടി പ്രോത്സാഹിപ്പിക്കുകയുണ്ടായി. ശ്രീമതി ശോഭനാ ജോർജ്ജ് തന്നെ പിന്നീട് പറഞ്ഞത് ഡയസ്സിൽ കയറാൻ പ്രതിപക്ഷനേതാവും പാർലമെന്ററി പാർട്ടി ഉപ നേതാവും എന്നോട് ഉപദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ കയറിയത് എന്നാണ്. പാർലമെന്ററി മര്യാദകളെ ലംഘിച്ചുകൊണ്ട് ജനാധിപത്യവിരുദ്ധമായി ഈ നടപടി തുടരുന്നത് ശരിയാണോ ? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാ വിന്റെ നിലപാടെന്താണ് ? ബഹുമാനപ്പെട്ട സ്പീക്കർ ഇത് സംബന്ധിച്ച് ഒരു റൂളിംഗ് നൽകണമെന്നാണ് എന്റെ അഭ്യർത്ഥന. .....(ബഹളം).....(ബഹളം)...

മി. സ്പീക്കർ : പ്ലീസ്....പ്ലീസ്....(ബഹളം).... ഇത് കേൾക്കേണ്ട, വിശദീകരിക്കേണ്ട കാര്യമായി ചെയർ കാണുന്നില്ല. കാരണം എന്റെ മുമ്പിൽ നടന്ന കാര്യമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : ശ്രീമതി ശോഭനാ ജോർജ്ജ് ചില കാര്യങ്ങൾ ചെയ്തു. ഇവിടെ ഡയസ്സിൽ കയറാനായിട്ട് പ്രതിപക്ഷ നേതാവും ഉപനേതാവും ഉപദേശിച്ചു എന്ന് പറഞ്ഞിട്ടാണ്, ശോഭനാജോർജ്ജിന് പറയാനുള്ള അവസരം കൊടുക്കണ്ടേ.

മി. സ്പീക്കർ : യേസ്, അവർ പറയട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ശോഭനാ ജോർജ്ജ് : സർ, ബഹുമാന്യനായ മെമ്പർ ഇവിടെ അസംബ്ലിയിൽ പറഞ്ഞതാണ്, ഞാൻ ആരോടാണ് പറഞ്ഞത് ? പ്രതിപക്ഷ നേതാവും മറ്റ് നേതാക്കന്മാരും നിർബന്ധിച്ചിട്ടാണ് ഞാൻ ഡയസിൽ കയറിയത് എന്ന് ഞാൻ പറഞ്ഞിട്ടില്ല. ഞാൻ ആരോട് പറഞ്ഞു എന്ന് പറയാനുള്ള.... ഞാൻ ഡയസിൽ കയറിയിട്ടില്ല. ഞാൻ ഒരു വനിതാ എം. എൽ.എ. യാണ് എന്തും ആർക്കും പറയാമെന്നു വിചാരിച്ചാൽ ഇത് നടക്കില്ല സാർ, എനിക്ക് കിട്ടേണ്ട സംരക്ഷണം അങ്ങ് എനിക്ക് തരണം.

മി. സ്പീക്കർ : പ്ലീസ്, ചെയർ ഒരു കാര്യം അങ്ങയോട് ചോദിക്കട്ടെ. അങ്ങ് പറഞ്ഞതുകൊണ്ട് പറയുകയാണ്, അങ്ങ് ഇന്നലെ എന്താണ് ചെയ്തത് എന്നു പറയാമോ ?

ശ്രീമതി ശോഭനാ ജോർജ് : ഒന്നും ചെയ്തിട്ടില്ലല്ലോ.

മി. സ്പീക്കർ : ഒന്നും ചെയ്തിട്ടില്ലേ ?

ശ്രീമതി ശോഭനാ ജോർജ്ജ് : ഒന്നും ചെയ്തിട്ടില്ല.

മി. സ്പീക്കർ : ആൾ റൈറ്റ്, ആൾ റൈറ്റ്, അത്രയേവേണ്ടൂ.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, എന്നെ സംബന്ധിച്ച് ശ്രീ. ആനത്തലവട്ടം ആനന്ദൻ ഞാൻ ആക്രമിക്കാൻ വേണ്ടി മുന്നോട്ട് ചാടിയെന്ന് പറഞ്ഞു. ഞാൻ ഇന്നലെ ഇവിടെനിന്ന് അങ്ങോട്ട് ഇറങ്ങിയിട്ടില്ല. അതേ സന്ദർഭത്തിൽ ശ്രീമതി ശോഭനാ ജോർജ്ജ് അങ്ങോട്ടിറങ്ങുമ്പോൾ മുഖ്യമന്ത്രി കൈ കൊണ്ട് ഇടിക്കാൻ പറയുന്നത് ഞാൻ കണ്ടു സർ. അതാണ് സംഭവം. (ബഹളം).... ...(ബഹളം)....

മി. സ്പീക്കർ : പ്ലീസ്... പ്ലീസ്...പ്ലീസ്.... ഏതായാലും ഇത് ഇങ്ങനെ ചർച്ച ചെയ്യേണ്ടതായ ഒരു വിഷയമായി ചെയർ കാണുന്നില്ല ; ക്രമപ്രശ്നമായിട്ട് ഇവിടെ വന്നുപോയതുകൊണ്ടാണ് ചർച്ച ചെയ്യേണ്ടതായ വിഷയമായി ചെയർ കാണുന്നില്ല. ഒറ്റ കാര്യം ചെയർ ഇത് വന്നുപോയതു കൊണ്ടു പറയാം. ഇതിനൊന്നും ആരുടേയും വിശദീകരണത്തിന്റെ ആവശ്യമില്ല. നമ്മുടെ മുമ്പിൽ, ഞാൻ ഇവിടെ ഇരിക്കുമ്പോൾ ഉണ്ടായ സംഭവമാണ്, ഒരു കാര്യം ചെയർ ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. പ്രതിഷേധത്തിന്റെ കാര്യമല്ല പറയുന്നത്, ഇവിടെ പരാമർശിക്കപ്പെട്ട ഒരു കാര്യവുമായി ബന്ധപ്പെട്ടുകൊണ്ട് ഉണ്ടായ ഒരു പ്രവണത, ഇതിന് മുൻപും ആവർത്തിച്ച പ്രവണതയാണ്. ആ പ്രവണത നല്ലതല്ല. ബന്ധപ്പെട്ടവർ അത് മനസ്സിലാക്കുമെന്ന് ചെയർ കരുതുന്നു. ഞാൻ ആരുടേയും പേര് പറഞ്ഞില്ല, ആ പ്രവണത നല്ലതല്ല. ബന്ധപ്പെട്ടവർ അത് മനസ്സിലാക്കുമെന്ന് ചെയർ കരുതുന്നു. വീണ്ടും അത് ആവർത്തിക്കരുത്. ഒന്നിലധികം തവണ ആവർത്തിച്ചു, വീണ്ടും അത് ആവർത്തിക്കരുത് എന്ന് ചെയർ അപേക്ഷിക്കുന്നു. അതിന് ചെയറിനെയും പ്രതിപക്ഷ നേതാവിനെയും ഒന്നും വലിച്ചിഴയ്ക്കണ്ട, അതിലൊന്നും ചെയർ വിശ്വസിക്കുന്നില്ല.

റൂൾ 62, ശ്രീ. ഇ. എം. അഗസ്തി .....

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, ഇന്നലെ അടിയന്തിര പ്രമേയം കഴിഞ്ഞ് മറ്റ് വിഷയത്തിലേക്ക് പ്രവേശിക്കുന്നതിന് മുമ്പായി ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു കാര്യം അഭ്യർത്ഥിച്ചിരുന്നു. അദ്ദേഹം ഇന്നലെ അതിനെക്കുറിച്ച് നിഷേധാത്മകമായ മറുപടിയാണ് പറഞ്ഞത്. ഇന്നലത്തെ സംഭവത്തിനുശേഷം അദ്ദേഹം മന്ത്രി സഭാംഗങ്ങളുമായും ഇടതുപക്ഷജനാധിപത്യമുന്നണിയിടെ നേതാക്കന്മാരുമായും ഈ കാര്യം ചർച്ച ചെയ്തു കാണുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഞാൻ ഇന്നലെ ആവശ്യപ്പെട്ടതുപോലെ പ്ലസ് ടുവിനെ സംബന്ധിച്ച് ഉണ്ടായിട്ടുള്ള ക്രമക്കേടുകളെക്കുറിച്ചും അഴിമതികളെക്കുറിച്ചുമുള്ള ധാർമ്മികമായ ഉത്തരവാദിത്വം വിദ്യാഭ്യാസ മന്ത്രി എറ്റെടുത്തുകൊണ്ട് അദ്ദേഹത്തെ മാറ്റി നിറുത്തി ഹൈക്കോടതിയിലെ ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നുള്ള പ്രതിപക്ഷത്തിന്റെ ആവശ്യം വീണ്ടും അങ്ങയുടെ മുമ്പിൽ സമർപ്പിക്കുകയാണ്. അങ്ങ് ഇനിയെങ്കിലും ഈ കാര്യത്തിൽ..... ഞാൻ പ്രതിപക്ഷനേതാവായിരുന്ന അവസരത്തിൽ, അല്ലെങ്കിൽ പ്രതിപക്ഷത്ത് ഇരുന്നിരുന്ന അവസരത്തിൽ അന്നത്തെ മുഖ്യമന്ത്രി ആയിരുന്ന ശ്രീ. കെ. കരുണാകരനോട് ആവശ്യപ്പെട്ടതും അതിനുശേഷം അങ്ങ് മുഖ്യമന്ത്രി ആയിരുന്നപ്പോൾ ചെയ്തതുമായ ഒരു കാര്യം ചെയ്യണമെന്നു മാത്രമേ ഞാൻ അഭ്യർത്ഥിക്കുന്നുള്ളു. ഒരു അന്വേഷണം നടത്താൻ ഞാൻ തയ്യാറുണ്ടോ ? ഇതിന്റെ ധാർമ്മിക ഉത്തരവാദിത്വം എറ്റെടുത്തുകൊണ്ട് മന്ത്രി അന്വേഷണം പൂർത്തിയാകുന്നതുവരെ മാറി നിൽക്കണം. ഇതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

11 A.M.]

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി....

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ഞാൻ നമ്മുടെ ക്യാബിനറ്റ് മന്ത്രിമാരുമായിട്ട് ചർച്ച ചെയ്തു. വീഴ്ചകളുണ്ടെങ്കിൽ തിരുത്താമെന്ന് ബഹുമാനപ്പെട്ട ജോസഫ് ഇന്നലെ പറഞ്ഞു. പ്സ് ടുവിൽ പത്ത് ശതമാനത്തോളം വീഴ്ചകളുണ്ടാകാം. അത് തിരുത്താൻ തയ്യാറാണ്. നിങ്ങളുടെ ക്രിയാത്മകമായ വിമർശനം മുഴുവൻ ഞങ്ങൾ ഉൾക്കൊള്ളാൻ തയ്യാറാണെന്ന് അദ്ദേഹം തന്നെ ഈ സഭാതലത്തിൽ വച്ച് പ്രസ്താവിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വിദ്യാഭ്യാസ മന്ത്രിയെ മാറ്റി നിറുത്തുകയും ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷണം നടത്തുകയും ചെയ്യണമെന്നുള്ള രണ്ട് അഭിപ്രായത്തോടും ഞങ്ങൾക്ക് യോജിപ്പില്ല എന്നാണ് ഞാൻ പറയുന്നത്....(ബഹളം)....(ബഹളം)...

(ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ എഴുന്നേറ്റ്നിന്ന് ബഹളം വച്ചു. ബഹളത്തിനിടയിൽ റൂൾ 62 അനുസരിച്ചുള്ള ശ്രദ്ധക്ഷണിക്കലിന് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സത്യൻ മൊകേരിയെ ബഹുമാനപ്പെട്ട സ്പീക്കർ ക്ഷണിച്ചു. ശ്രീ. സത്യൻ മൊകേരി സംസാരിച്ചുകൊണ്ടു നിൽക്കുമ്പോൾ പ്രതിപക്ഷത്തെ പിൻനിരയിലുള്ള അംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തുന്നതിന് ശ്രമിച്ചുകൊണ്ടിരുന്നു.)

LIBRARY ARCHIVES Kerala Legislative Assembly